# വ്യാപാരകേരളം

വ്യാപാര–വ്യവസായ കേരളത്തിന്റെ ഓൺലൈൻ മുഖമാസിക

ലക്കം 3 പേജുകൾ 26 ജൂൺ 2019



- ഒറ്റച്ചോദ്യം പംക്തി തുടങ്ങുന്നു
- മൂലധന വിശേഷം വീണ്ടും
- വോട്ട് വിപണിയും വോട്ടും വിപണിയും
- റിഥം ഓഫ് ലൈഫ്
- മസാല ബോണ്ട്
- ചിട്ടിസ്ഥാപനങ്ങളുടെ നിലനിൽപ്പ്
- സാമ്പത്തിക ഗ്രാഫ് ഇനി എങ്ങോട്ട്

മുഖച്ചിത്രം: ഹോളി ഗ്രേസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്, മാള

**ലോ**കത്തിലെ ഏറ്റവും ബൃഹത്തായ തെരഞ്ഞെടുപ്പു മാമാങ്കം കഴിഞ്ഞു. ഫലത്തെ സംബന്ധിച്ച ചർച്ചകളും അവലോകനങ്ങളും ആരോപണങ്ങളും മുറയ്ക്കു നടക്കുന്നുണ്ട്.

വോട്ടും വിപണിയും വോട്ടു വിപണി എന്നിങ്ങനെ തരംതിരിച്ചുള്ള അവലോകനത്തിനാണ് ഇവിടെ ശ്രമം. തെരഞ്ഞെടുപ്പിന് മുമ്പായിരുന്നുവല്ലോ വോട്ടിന്റെ വിപണനം നടന്നതായി ആരോപണങ്ങൾ ഉയർന്നത്. സ്ഥാനാർഥികൾ തനിച്ചും, രാഷ്ട്രീയ പാർട്ടികളുടെ രഹസ്യ അജൻഡയുടെ ഭാഗമായി ഒന്നിച്ചും ഇത്തരം വിൽപ്പന നടത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മണ്ഡലം തിരിച്ച് എണ്ണിവെച്ച നോട്ടുകെട്ടുകൾ പിടിച്ചെടുത്തതും വാർത്തയായിരുന്നുവല്ലോ. ഇത്തരം പ്രവണതകൾ മുമ്പെന്നെത്തേക്കാളും വർധിച്ചിട്ടുണ്ട്. പുറത്തറിഞ്ഞത് യാഥാർഥ്യങ്ങളിൽനിന്നും പൊട്ടിവീണ ഒരു ചെറു തുണ്ടു മാത്രം.

സ്ഥാനാർഥിക്ക് ചെലവഴിക്കാനാകുന്നത് 70 ലക്ഷം എന്ന പരിധി വെച്ചിട്ടുണ്ടെങ്കിലും 50 കോടി ചെലവാകുന്നുണ്ടെന്ന വെളിപ്പെടുത്തൽ ഒളികാമറ പകർത്തിയത്, ഞെട്ടലോടെയാണ് കേരളം ശ്രവിച്ചത്. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർഥികളായി ഇന്ത്യയൊട്ടാകെ മത്സരിച്ചവരുടെ എണ്ണവും, മേൽവിവരിച്ച 50 കോടിയുമായി ഗുണനം ചെയ്താൽ കിട്ടുന്നത്....! അതിഭാവുകത്വമാർന്ന സംഖ്യയായിരിക്കും മുന്നിൽ തെളിയുന്നത്.

ഒരു ഡീൽ ഉറപ്പിക്കുന്നതിന്, പെരുപ്പിച്ചതാകാം ഈ സംഖ്യയെന്ന് നിരീക്ഷിച്ചാലും, ഓരോ സ്ഥാനാർഥിയും ചെലവഴിച്ചത് കോടികൾ തന്നെയാകും എന്ന് വിലയിരുത്തേണ്ടിവരും. ഇത് വോട്ടുവിപണിയുടെ കഥ.

വോട്ടും വിപണിയും എന്ന, സാധാരണക്കാരനെ നേരിട്ട് ദംശിക്കുന്ന വിഷനാഗത്തെ ഇത്തരുണത്തിൽ പരാമർശിക്കാതെ വയ്യ. സ്ഥാനാർഥികൾ ചെലവഴിച്ച തുക, പലവഴിക്കും വിപണിയിൽനിന്നും ശേഖരിച്ചതാകുമല്ലോ. ചെറുതും വലുതുമായ എല്ലാ വിഭാഗം ബിസിനസുകാരും കൈയയച്ചു നൽകുവാൻ നിർബന്ധിക്കപ്പെടുന്നതും തെരഞ്ഞെടുപ്പു സമയത്തെ പ്രത്യേകതയാണ്.

രാഷ്ട്രീയ സ്വാധീനം ആഗ്രഹിക്കുകയും ബിസിനസ് പ്രൊമോഷന് ഉപയോഗിക്കാമെന്ന് കണക്കുകൂട്ടുകയും ചെയ്യുന്ന കോർപറേറ്റുകൾക്ക് ഇതും കച്ചവടമാണ്. ഒരു ദിവസത്തെ വിറ്റുവരവ് ഒന്നിനും തികയാതെ നട്ടം തിരിയുന്ന ചെറുവ്യാപാരികളോ, കൊടുത്താൽ കുറയുന്നത് എങ്ങനെ നികത്തുമെന്ന് ആകുലപ്പെടുന്നവരാണത്രേ.

വോട്ടു മാമാങ്കത്തിൽ ചെലവഴിക്കപ്പെടുന്ന തുകയുടെ സിംഹഭാഗവും വിപണിയിൽതന്നെ തിരിച്ചെത്തുന്നത്, ചെറിയ നേട്ടം കൈവരിക്കാൻ വിപണിയെ സഹായിക്കുമെന്നത് വിസ്മരിക്കുന്നില്ല. വിൽപ്പന വർധിക്കുന്നത് പക്ഷേ, ചെറുവ്യാപാരികൾക്ക് ഗുണകരമാകില്ലെന്നതാണ് വാസ്തവം.

താൽക്കാലിക പണപ്പെരുപ്പമെന്ന ഉപഉത്പന്നവും തെരഞ്ഞെടുപ്പ് വിപണിയിൽ എത്തിക്കുന്നുണ്ട്. ഒന്നര കോടി മുടക്കി ഡോക്ടറാകുന്നയാൾ, അടുത്ത ഓരോ വർഷവും തിരിച്ചു പിടിക്കേണ്ട തുകയുടെ ചാർട്ട് ഉണ്ടാക്കുന്നതുപോലെ, ഇറക്കിയ സംഖ്യയുടെ എത്ര ഇരട്ടിയാകണം പ്രതിവർഷ ശേഖരണം എന്ന മരണക്കുരുക്ക് സമ്മതിദായകനു നേരെ എറിയുവാൻ, ജനാധിപത്യ വിശ്വാസികളായ, ധാർമ്മികത ഇനിയും കൈമോശം വന്നിട്ടില്ലാത്ത രാഷ്ട്രീയനേതൃത്വം മുതിരില്ല എന്ന് നമുക്ക് പ്രത്യാശിക്കാം.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ


ഓഫീസ്:
**വ്യാപാരകേരളം.കോം**
**(ഓൺലൈൻ ബിസിനസ് മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**

# ? ഒറ്റ ചോദ്യം

ഒരു പുതിയ പംക്തിക്ക് വ്യാപാരകേരളം തുടക്കം കുറിക്കുന്നു. 'ഒറ്റ ചോദ്യം' എന്ന് പേര്. വ്യത്യസ്ത മേഖലകളിൽനിന്നും അനുഭവസ്ഥരുടെ ഉത്തരങ്ങൾ തേടുന്നതാണ് പുതിയ പംക്തി. പത്രാധിപരുടെ ഒറ്റചോദ്യത്തിന്, വിവരണാത്മകമായ ഉത്തരമാണ് പ്രസിദ്ധീകരിക്കുക. കാലിക പ്രസക്തിയുള്ള ചോദ്യത്തിലൂടെ, ഒരു പ്രശ്നത്തെയോ, പ്രവൃത്തിമണ്ഡലത്തെയോ, ജീവനോപാധിയെയോ, ജീവതരീതിയെയോ അടയാളപ്പെടുത്തുന്ന വിവരണത്തിനാണ് ഈ പംക്തി ഊന്നൽ നൽകുക.

**ചോദ്യം: പരമ്പരാഗത കൃഷിരീതികളുടെ പുതു പ്രയോഗം ആകുന്നുവോ ജൈവകൃഷി ?**

**ഉത്തരം നൽകുന്നത് സ്വാദ് ഫുഡ് പ്രോഡക്ട്സിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. സി. കെ. അനിൽകുമാർ.**



## എന്താണ് ജൈവകൃഷി?

ഈ നാട്ടിലെ സാധാരണജനങ്ങൾ ഇപ്പോഴും കരുതിവരുന്നത് രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാതെ ഭക്ഷണത്തിനുവേണ്ടി ഉണ്ടാക്കുന്ന ധാന്യങ്ങളും പയറുവർഗങ്ങളും എന്നാണ്. അത് ഒരു പരിധിവരെ ശരിയാണ്. എന്നാൽ ജൈവത്തെക്കുറിച്ച് കൂടുതലായി അറിയാൻ തുടങ്ങുമ്പോൾ അതിനെക്കാളും എത്രയോ വലുതാണ് ജൈവപ്രക്രിയ എന്ന് നമുക്ക് മനസിലാകും. ഒരുപക്ഷേ ലാഭക്കൊതി പൂണ്ട മനുഷ്യരുടെ ചെയ്തികളോ അല്ലെങ്കിൽ ഈ ലോകത്തുള്ള ജനങ്ങളെ മുഴുവൻ തീറ്റിപോറ്റുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളോ ആയിരിക്കാം മനുഷ്യനെ പരമ്പരാഗത കൃഷിരീതിയിൽനിന്നും അകറ്റിനിർത്തിയത്. പ്രകൃതിയുടെ മേൽ പഞ്ചഭൂതങ്ങളുടെ വ്യവസ്ഥ ഒഴിവാക്കി നടത്തുന്ന ഓരോ പ്രക്രിയയും അജൈവമായി കരുതപ്പെടുകതന്നെ ചെയ്യും. ഇത് ഭൂമിയിലെ സർവചരാചരങ്ങൾക്കും സർവ്വനാശമല്ലാതെ മറ്റൊന്നും വരുത്തുവാൻ ഇടയില്ല. അതുകൊണ്ടാണ് 21-ാം നൂറ്റാണ്ടിലെ മനുഷ്യർ അതിന്റെ ആപത്തു മനസിലാക്കി ജൈവരീതികളിലേക്കുള്ള മാറ്റത്തിന് തയാറെടുക്കുന്നത്. ഒരു പരിധിവരെ ജൈവകൃഷിയുടെ ആവശ്യകത ലോകം മനസിലാക്കികഴിഞ്ഞിട്ടുണ്ട്.



## എങ്ങനെ ജൈവകൃഷി നടത്താം

മേൽപറഞ്ഞ ഖണ്ഡികയിലെ പോലെ രാസവളങ്ങളും കീടനാശിനി പ്രയോഗവും ഒഴിവാക്കുക മാത്രമല്ല മറിച്ച് കൃഷിചെയ്യുന്ന മണ്ണു മുതൽ നമ്മൾ ജൈവകൃഷിക്കുവേണ്ടി പാകപ്പെടുത്തേണ്ടതുണ്ട്. ലോകത്തിലുള്ള സകലജീവജാലങ്ങളേയും ജൈവകൃഷിയുടെ പ്രക്രിയയുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. ജൈവകൃഷി സമ്പ്രദായങ്ങൾക്കായി 1972ൽ സ്ഥാപിതമായ ഒരു അന്താരാഷ്ട്ര സംഘടനയായ അന്താരാഷ്ട്ര ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രികൾച്ചർ മൂവ്മെന്റ് (IFOAM) ജൈവകൃഷിയുടെ ലക്ഷ്യം നിർവചിക്കുന്നത് ഇങ്ങനെയാണ്: "ജൈവകൃഷി മണ്ണിന്റെയും ജൈവവ്യവസ്ഥയുടെയും ജനങ്ങളുടെയും ആരോഗ്യത്തെ നിലനിർത്തുന്ന ഒരു ഉല്പാദന സംവിധാ

നം ആണ്. പാരിസ്ഥിതിക പ്രക്രിയകൾ, ജൈവവൈവിധ്യം എന്നിവ പ്രാദേശിക വ്യവസ്ഥകളിലേക്ക് മാറ്റിയിരിക്കുന്നു. ജൈവകൃഷി എന്നത് പാരമ്പര്യവും, നവീകരണവും, ശാസ്ത്രവും കൂടിചേർന്ന് പങ്കുവെക്കുകയും ഉചിതമായ ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഉൾപ്പെട്ടിരിക്കുന്ന എല്ലാവർക്കും നല്ല ജീവിതനിലവാരം വർധിപ്പിക്കുവാൻ വേണ്ട അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

## ജൈവ പരമ്പരാഗത കൃഷിരീതികൾ എങ്ങനെ മടക്കിക്കൊണ്ടുവരാം

ജൈവകൃഷി എന്നത് ഒരു തന്ത്രമാണ്. ഇതിൽ സസ്യങ്ങളുടെ കൃഷിയും സ്വാഭാവികമായി മൃഗങ്ങളെ വളർത്തുന്നതും മണ്ണിന്റെ ഫലഭൂയിഷ്ഠിതയും പാരിസ്ഥിതിക ബാലൻസും നിലനിർത്താനും അതുവഴി മലിനീകരണവും പാഴാക്കലും കുറയ്ക്കുവാനും ഈ പ്രക്രിയവഴി സാധിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജൈവകൃഷി എന്നത് കൃഷി അധിഷ്ഠിത രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം കൂടാതെ വിളകൾ വളരുകയും വളർത്തുകയും ചെയ്യുന്ന ഒരു കൃഷിരീതിയാണ്. കൂടാതെ ജനിതകമാറ്റം വരുത്തിയ ജീവജാലങ്ങളെ അനുവദിക്കുകയില്ല.

## ജൈവകൃഷിക്കുള്ള കാരണങ്ങൾ

ഭൂമി എന്ന ഗ്രഹത്തിൽ ജനസംഖ്യ കുതിച്ചുയരുന്നതിനാൽ ലോകത്തിന് ഭക്ഷണം നൽകുന്നത് വളരെ പ്രയാസകരമാണ്. ഹരിത വിപ്ലവവും അതിന്റെമേലുള്ള കെമിക്കൽ ബേസിക് സാങ്കേതികവിദ്യ ഉപയോഗിച്ച് മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും ഫോസിൽ ഇന്ധന അധിഷ്ഠിത രാസവസ്തുക്കളുടെ ഉപയോഗവും നെഗറ്റീവ് വ്യതിയാനങ്ങളാണ് ഈ ഗ്രഹത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നമ്മൾ ഏവരും ഇന്ന് രാസകീടനാശിനികൾ ഉപയോഗിച്ചുള്ള ധാന്യ പയറുവർഗങ്ങൾ ഉപയോഗിക്കുമ്പോൾ അതിന്റെ പാർശ്വഫലമായ രോഗങ്ങൾ കൂടി നമ്മുടെ ശരീരത്തിലേക്ക് ബോണസായി കിട്ടുന്നു. രോഗങ്ങൾ നമ്മുടെ ശരീരത്തിലേക്ക് ക്ഷണിക്കപ്പെട്ട അതിഥികളായിട്ടാണ് കടന്നുവരുന്നത്. ഇത് ഒഴിവാക്കുന്നതിനുവേണ്ടി നമ്മൾക്ക് പ്രകൃതി ആദ്യകാലങ്ങളിൽ ആഹാരം എങ്ങനെ തന്നുവോ അതിലേക്ക് നാം മടങ്ങിപോകേണ്ടതായിട്ടുണ്ട്. അതിനായി താഴെ പറയുന്ന കാര്യങ്ങൾ പാലിക്കപ്പെട്ടാൽ മതിയാകും.

1. പൂർണമായും രാസകീടനാശിനികളെ കൃഷിയിൽനിന്നും ഒഴിവാക്കുക.

2. GMO (Genetically Modified Foods) യിൽനിന്ന് (ജനിതകമാറ്റം വരുത്തിയ ഭക്ഷണങ്ങൾ) അകന്നുനിൽക്കുക.

3. ജൈവകൃഷിയിലേക്ക് എത്രയും പെട്ടെന്ന് ജനങ്ങൾ തിരിച്ചുപോകുക.

4. പ്രകൃതിദത്തവും മെച്ചപ്പെട്ടതുമായ രുചിയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ജൈവ ഭക്ഷണങ്ങൾ രുചിച്ചവർ അത് സാക്ഷ്യപ്പെടുത്തുക. സമീകൃതവും മെച്ചപ്പെട്ടതുമായ ഭക്ഷണം പോഷകകരമായ മണ്ണിൽനിന്നാണ് ജൈവകർഷകർക്ക് ലഭിക്കുന്നത്.

കാർഷിക വൈവിധ്യസംരക്ഷണം എന്നുള്ള വാചകത്തിന്റെ ഭീകരത മനസിലാക്കണമെങ്കിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ മാത്രം 75% കാർഷിക വൈവിധ്യം ഈ ഭൂലോകത്തുനിന്നും തുടച്ചുമാറ്റപ്പെട്ടു എന്നറിയുമ്പോഴാണ്. നമ്മൾ ഭാവിയിൽ കാത്തുനിൽക്കുന്നത് ഒരു ദുരന്ത പാചകമാണ്. അതിനൊരുദാഹരണമാണ് ചന്തയിൽ വിവിധതരം ഉരുളക്കിഴങ്ങുകൾ ഉണ്ടായിരുന്നു. ഇന്ന് ഒരിനം ഉരുളക്കിഴങ്ങ് മാത്രമാണുള്ളത്. ഇത് ഭീകരതയുടെ ഒരു വശം മാത്രമാണ്. ജൈവകൃഷിയെക്കുറിച്ച് ഇന്ന് ആധികാരികമായി പഠനം നടത്തി എഴുതണമെങ്കിൽ വളരെയധികം സമയവും സ്ഥലവും ആവശ്യമാണ്. അതുകൊണ്ടുതന്നെ ഈ സമയ സ്ഥലപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഒരു ചെറുവിരൽ ചൂണ്ടുകമാത്രമാണ് ഈ ലേഖനത്തിൽ ചെയ്തിട്ടുള്ളത്.

തീർച്ചയായും നമ്മുടെ ലോകത്തിനെ ജൈവകൃഷിയുടെ ആവശ്യകതയിലേക്ക് നയിക്കപ്പെടുന്നതിനുവേണ്ടി ഇവിടെ ഇച്ഛാശക്തിയുള്ള ഒരു രാഷ്ട്രീയ, ഉദ്യോഗസ്ഥ നേതൃത്വങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും ഓർമിപ്പിക്കുന്നു.

'ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്.' (പുറ. 15: 26)



# തൃശൂർ
# തിരുഹൃദയ ലത്തീൻ പള്ളിയിൽ
## (വി. അന്തോണീസിന്റെ ഷ്രൈൻ)

# തിരുഹൃദയത്തിന്റെയും വി. അന്തോണീസിന്റെയും
# തിരുനാൾ മഹാമഹം

## 2019 ജൂൺ 3 മുതൽ 11 വരെ

**ജൂൺ 4 ചൊവ്വ**
**കൊടികയറ്റം**

**ജൂൺ 9 ഞായർ**
**തിരുഹൃദയദിനം**

**ജൂൺ 11 ചൊവ്വ**
**വി. അന്തോണീസിന്റെ ഊട്ടുസദ്യ**

### തിരുക്കർമ്മങ്ങൾ

## 2019 ജൂൺ 11 ചൊവ്വ ഊട്ടുതിരുനാൾ

രാവിലെ 6.30ന്: പൊന്തിഫിക്കൽ ദിവ്യബലി, നൊവേന, ആരാധന (സീറോ മലബാർ റീത്തിൽ)
മുഖ്യകാർമ്മികൻ: **ബിഷപ്പ് മാർ ടോണി നീലങ്കാവിൽ**
(തൃശൂർ അതിരൂപത സഹായമെത്രാൻ)

രാവിലെ 8.30ന് : ദിവ്യബലി, നൊവേന, ആരാധന
മുഖ്യകാർമികൻ: **റവ. ഫാ. റോക്കി റോബി കളത്തിൽ**

രാവിലെ 9.30ന്: **ഊട്ടുസദ്യ ആശീർവാദം**
**ആർച്ച്ബിഷപ്പ് മാർ അപ്രേം**
(ചർച്ച് ഓഫ് ദ ഈസ്റ്റ്)

രാവിലെ 10.30ന്: പൊന്തിഫിക്കൽ ദിവ്യബലി, നൊവേന, ആരാധന
മുഖ്യകാർമ്മികൻ: **റൈറ്റ്. റവ. ഡോ. ജോസഫ് കാരിക്കശേരി**
(കോട്ടപ്പുറം രൂപത മെത്രാൻ)

ആരാധന: **റവ. ഫാ. മാത്യു ബിനു മുക്കത്ത്**

വൈകീട്ട് 3.00ന് : ദിവ്യബലി, നൊവേന, ആരാധന
മുഖ്യകാർമ്മികൻ: **വെരി റവ. ഫാ. ജോസഫ് മാളിയേക്കൽ**

വൈകീട്ട് 4.30ന്: ദിവ്യബലി, നൊവേന, ആരാധന
മുഖ്യകാർമ്മികൻ: **വെരി. റവ. ഫാ. ഫ്രാൻസിസ്കോ പടമാടൻ**
(ചാൻസലർ, കോട്ടപ്പുറം രൂപത)

വൈകീട്ട് 7.00ന്: ദിവ്യബലി (ഇംഗ്ലീഷ്), നൊവേന, ആരാധന
മുഖ്യകാർമികൻ: **റൈറ്റ്. റവ. ഡോ. അന്തോണി സാമി പീറ്റർ അബീർ**
(സുൽത്താൻപേട്ട് മെത്രാൻ)



# വളർച്ചയിലേക്ക്, ഉറച്ച സർക്കാർ



ഫ്രാങ്കോ ലൂയിസ്

**കൂ**ടുതൽ കരുത്തുറ്റ, സുസ്ഥിരമായ സർക്കാർ. സാമ്പത്തിക വളർച്ചയ്ക്കു വേണ്ട അടിത്തറയാണത്. പ്രധാനമന്ത്രി നരേന്ദ്രമോദിക്കും ബിജെപിക്കും ശക്തമായ പിന്തുണ നൽകിയ ജനവിധിയാണ് ഈ അടിത്തറ ഒരുക്കിയത്. വ്യവസായിക, വാണിജ്യ മേഖലകളിൽ വളരെ പ്രതീക്ഷ നൽകുകയാണ് മോദിയുടെ നേതൃത്വത്തിലുള്ള ഉറച്ച സർക്കാർ. ഓഹരി വിപണി കുതിച്ചുയരുകയാണ്. രാജ്യത്തിന്റെ സാമ്പത്തിക മേഖലയിലെല്ലാം അടുത്ത മാസങ്ങളിലായി ഈ വളർച്ച പ്രകടമാകും.

വേണ്ടത്ര ഭൂരിപക്ഷമില്ലാതെ ആടി ഉലയുന്ന സർക്കാരായിരുന്നെങ്കിൽ സാമ്പത്തിക മേഖലയിലെല്ലാം തളർച്ചയും തകർച്ചയും അനുഭവപ്പെടുമായിരുന്നു. കഴിഞ്ഞ തവണത്തേക്കാൾ വമ്പൻ ഭൂരിപക്ഷത്തോടെയാണ് ബിജെപിയും എൻഡിഎയും അധികാരത്തിലെത്തിയത്.

തെരഞ്ഞെടുപ്പു പ്രചാരണത്തിൽ മോദി പയറ്റിയ യുദ്ധതന്ത്രം വിജയക്കൊടി പാറിച്ചു. റാഫാൽ അഴിമതി ആരോപണങ്ങളെ ജനം തള്ളി. ഹിന്ദു വർഗീയതയും കപട ദേശീയതയും വിദ്വേഷ പ്രചാരണങ്ങളും ആളിക്കത്തിച്ചെന്ന ആക്ഷേപങ്ങളേയും ജനങ്ങൾ നിരാകരിച്ചു. 'ചൗക്കീദാർ ചോർ ഹേ' എന്ന മുദ്രാവാക്യത്തെ ഗൗനിക്കാതെ ജനങ്ങൾ രാജ്യത്തിന്റെ താക്കോൽ ചൗക്കീദാറെന്ന് അവകാശപ്പെട്ട മോദിയുടെ കൈയിൽ വച്ചുകൊടുത്തു.

## വികസനത്തിന്റെ താക്കോൽ

സർക്കാർ രൂപീകരണത്തിന്റെ മാസമാണിത്. മന്ത്രിസഭാ രൂപീകരണത്തിന്റെ ദിവസങ്ങൾ. ആരൊക്കെ മന്ത്രിമാരാകണം, അവർ ഏതൊക്കെ വകുപ്പുകൾ കൈകാര്യം ചെയ്യണമെന്ന് പാർട്ടിയിലും മുന്നണിയിലും അപ്രമാദിത്വമുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിതന്നെയാകും തീരുമാനിക്കുക.

ഒരുകാര്യം ഉറപ്പാണ്. പാർട്ടിയെ ഏതാനും വർഷമായി നയിച്ചുകൊണ്ടിരിക്കുന്ന വിശ്വസ്തനായ ബിജെപി അധ്യക്ഷൻ അമിത് ഷാ മന്ത്രിസഭയിൽ രണ്ടാം സ്ഥാനക്കാരനാകും. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ബിജെപിയുടെ ഖജനാവിലേക്ക് വ്യവസായികളുടെ കോടികൾ എത്തിച്ച അദ്ദേഹത്തിനു രാജ്യത്തിന്റെ ഖജനാവിന്റെ ചുമതലയാകും നൽകുക. കഴിഞ്ഞ സർക്കാരിലെ ധനമന്ത്രി അരുൺ ജയ്റ്റ്ലി ആരോഗ്യ പ്രശ്നങ്ങൾമൂലം മാറി നിൽക്കാനാണു സാധ്യത.

മോദി– അമിത് ഷാ കൂട്ടുകെട്ട് കോർപറേറ്റ്, വ്യവസായ, വാണിജ്യ മേഖലയ്ക്ക് അനുകൂല നിലപാടെടുക്കുമെന്ന പ്രതീക്ഷയാണുള്ളത്. ചെറുകിട വാണിജ്യ മേഖലയ്ക്കു ഗുണകരമായ നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ലെങ്കിലും അതുണ്ടാകുമെന്ന് തെരഞ്ഞെടുപ്പു പ്രചാരണങ്ങൾക്കു തുടക്കം കുറിച്ചപ്പോൾ മോദി വാഗ്ദാനം ചെയ്തിരുന്നു.

വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലയിലെല്ലാമുള്ള വികസനത്തിനൊപ്പം അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനു മോദി സർക്കാർ പ്രാധാന്യം നൽകും. സ്വകാര്യ പങ്കാളിത്തത്തോടെത്തന്നെയാകും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുക.

## ദുരിതങ്ങളെ മറന്ന ജനവിധി

നോട്ട് നിരോധനം, ജിഎസ്ടി, ഡിജിറ്റിലൈസേഷൻ എന്നിവ നടപ്പാക്കിയതുമൂലമുള്ള ദുരിതങ്ങളെല്ലാം ജനങ്ങൾ മറന്നു. ആ പരിഷ്കാരങ്ങൾ സൃഷ്ടിച്ച പ്രതിസന്ധി താത്കാലികമായിരുന്നെന്നാണു ജനങ്ങൾ വിധിച്ചത്. ജിഎസ്ടി നടപ്പാക്കിയതുമൂലമുള്ള ക്ലേശങ്ങളും തകർച്ചയും ഒന്നര വർഷത്തിനുശേഷം വളരെ മാറ്റമുണ്ടായി. ഡിജിറ്റൽ ഇടപാടുകളിലേക്കു തിരിയാൻ വഴിയൊരുക്കിയതു നന്നായെന്നു കരുതന്നുവരുമുണ്ട്.

പെട്രോളിയം ഉൽപന്നങ്ങളുടേതടക്കമുള്ള വില വർധന ആഗോള വിലവർധനയുടേയും ഡോളറുമായുള്ള മൂല്യത്തകർച്ചയുടേയും ഭാഗമാണ്. ഈ ശാസ്ത്രം സാധാരണക്കാരായ വോട്ടർമാർക്ക് അറിയില്ലെങ്കിലും വിലവർധനയും അവർ ഗൗനിച്ചില്ല.

## വികസന പട്ടിക

താൻ നടപ്പാക്കിയ വികസന പദ്ധതികൾക്കും രാജ്യരക്ഷാ നടപടികൾക്കും വോട്ടു ചെയ്യൂവെന്നാണ് മോദി എല്ലാ തെരഞ്ഞെടുപ്പു സമ്മേളനങ്ങളിലും ആവശ്യപ്പെട്ടിരുന്നത്. ഏഴു കോടി നിർധന കുടുംബങ്ങൾക്കു സൗജന്യ പാചകവാതകം നൽകി. പതിനായിരം കോടി രൂപ മുടക്കി 11.10 കോടി ശൗചാലയങ്ങൾ നിർമിച്ചു. പത്തു കോടി നിർധന കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്ന ആയുഷ്മാൻ ഭാരത് പദ്ധതി ലോകത്തെ ഏറ്റവും വലിയ ആരോഗ്യ പരിരക്ഷാ പദ്ധതിയാണ്. നാലു കോടിയോളം കുടുംബങ്ങൾക്കു വൈദ്യുതി തുടങ്ങിയ സർക്കാർ പദ്ധതികൾ.

ഏറ്റവുമൊടുവിൽ രണ്ടു പദ്ധതികളാണു നടപ്പാക്കിയത്. കർഷകർക്കുവേണ്ടി നടപ്പാക്കിയ ആറായിരം രൂപയുടെ സാമ്പത്തികസഹായം നൽകിയ പ്രധാൻമന്ത്രി കിസാൻ യോജനയാണ് അതിലൊന്ന്. 3.10 കോടി കർഷകർക്ക് ആദ്യഗഡുവായ രണ്ടായിരം രൂപ വീതം വിതരണം ചെയ്തു. ചിലർക്ക് രണ്ടാം ഗഡുവും നൽകി. ഈയിനത്തിൽ 10,500 കോടി രൂപ ചെലവാക്കി. പത്തു ശതമാനം സാമ്പത്തിക സംവരണം ഏർപ്പെടുത്തിയതു എട്ടു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള സവർണരേയും സന്തുഷ്ടരാക്കി. ഐഎസ്ആർഒയും സൈന്യവും കൈവരിച്ച നേട്ടങ്ങളെയെല്ലാം മോദി തന്റെ ഭരണ നേട്ടങ്ങളാക്കി ചൂണ്ടിക്കാട്ടി വോട്ടാക്കി.

## മോദിയുടെ യുദ്ധതന്ത്രം

അസാധ്യമെന്നു കരുതിയിരുന്ന, വലിയ വലിയ സംഭവങ്ങൾ സാധ്യമാക്കിയ അമാനുഷ ശക്തി . തെരഞ്ഞെടുപ്പിനു മുമ്പേ സർക്കാർ ചെലവിൽ മോദി നടത്തിയ പ്രചാരണം അതായിരുന്നു. 'അസാധ്യമായതെല്ലാം ഇപ്പോൾ സാധ്യം' എന്ന തലക്കെട്ടോടെയായിരുന്നു മോദിയുടെ ചിത്രം സഹിതം കേന്ദ്ര സർക്കാർ പരസ്യം ചെയ്തിരുന്നത്.

അതിനു പിറകേ, തെരഞ്ഞെടുപ്പു പ്രചാരണത്തിലുടനീളം മോദി ആളിക്കത്തിച്ചത് രാജ്യസുരക്ഷയും ദേശീയതാ വാദവുമാണ്. ഏതാനും വർഷമായി അമേരിക്ക, യുകെ, ഗൾഫ് രാജ്യങ്ങൾ തുടങ്ങിയ ഇടങ്ങളിലെല്ലാം ഇതേ തന്ത്രമാണ് വിജയിച്ചത്.

അതുകൊണ്ടാണ് പുൽവാമ ആക്രമണവും ബാലാകോട്ടിൽ വ്യോമസേന നടത്തിയ തിരിച്ചടിയുമെല്ലാം തെരഞ്ഞെടുപ്പിൽ മോദി വിഷയമാക്കിയത്. ശത്രുരാജ്യത്തെ ഭീകരർക്കു തിരിച്ചടി നൽകാൻ വ്യോമസേനയെ നയിച്ചതു താനാണെന്നുപോലും വരുത്തിത്തീർത്തു. മേഘങ്ങളെ മറയാക്കി യുദ്ധംചെയ്യാമെന്ന പ്രസ്താവനകൾ കേട്ട ജനങ്ങൾ സാഷ്ടാംഗം പ്രണമിച്ചു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വർഗീയതയും തുരുപ്പുശിട്ടാക്കി. കേദാർനാഥിലെ ക്ഷേത്രദർശനവും ക്ഷേത്രത്തിനരികിലെ നക്ഷത്ര ഹോട്ടലിന്റെ ആയിരം രൂപ ദിവസവാടകയുള്ള ഗുഹാമുറിയിലെ ധ്യാനവുമെല്ലാം അക്കൂട്ടത്തിൽ അവസാനത്തേതാണ്. അവസാനവട്ട വോട്ടെടുപ്പിനു മുമ്പ് ഹിന്ദുവികാരം തൊട്ടുണർത്താനുള്ള നമ്പരുകൾ. മഹാത്മാഗാന്ധിയെ വധിച്ച ഗോഡ്സെയെ മഹത്വവത്കരിച്ച വിദ്വേഷ പ്രചാരണത്തെ അവിടത്തെ ജനം വൻ ഭൂരിപക്ഷത്തോട പിന്തുണയ്ക്കുകയായിരുന്നു.

## മോദി വിജയം

ബിജെപിയും എൻഡിഎയും അധികാരത്തിലെത്തി എന്നു പറയുന്നതിനേക്കാൾ മോദി അധികാരത്തിലെത്തി എന്നു പറയുന്നതാകും ശരി. കാരണം പാർട്ടിയേക്കാൾ ശക്തനായി വളർന്ന, പാർട്ടിയെ വഴി നടത്തിക്കുന്ന നേതാവാണു മോദി. തനിക്കുവേണ്ടി വോട്ടു ചെയ്യൂ, മോദിക്കുവേണ്ടി വോട്ടു ചെയ്യൂ, രാജ്യത്തിനു വേണ്ടി വോട്ടു ചെയ്യൂവെന്നാണ് അദ്ദേഹം ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരുന്നത്.

നരേന്ദ്രമോദിയുടെ കരങ്ങൾക്കു കൂടുതൽ കരുത്തു പകർന്ന ജനവിധി. 303 ബിജെപി അംഗങ്ങൾ ഉൾപ്പെടെ എൻഡിഎക്ക് 353 സീറ്റിൽ വിജയം. ബിജെപിക്ക് ഒറ്റയ്ക്കു ഭരിക്കാൻ വേണ്ടതിലേറെ ഭൂരിപക്ഷം. കഴിഞ്ഞ തവണ എൻഡിഎ നേടിയത് 336 സീറ്റായിരുന്നു. 282 സീറ്റിൽനിന്നാണ് ബിജെപി 303 സീറ്റിലേക്കു വളർന്നത്.

യുപിഎ 92 സീറ്റിൽ ഒതുങ്ങി. 2014 ൽ 60 സീറ്റേ ഉണ്ടായിരുന്നുള്ളൂ. ഇത്തവണ കോൺഗ്രസിന് ലഭിച്ചത് 52 സീറ്റ്. കഴിഞ്ഞ തവണ 44 സീറ്റായിരുന്നു. ഇപ്പോൾ നില മെച്ചപ്പെടുത്തിയിരിക്കുകയാണ്.

വിശാല സഖ്യമെന്ന പേരിൽ വീമ്പിളക്കിയ പ്രതിപക്ഷ കക്ഷികളെ ജനങ്ങൾ ഗൗനിച്ചില്ല. ബിജെപി വിരുദ്ധ നിലപാടെടുത്ത 21 പ്രതിപക്ഷ പാർട്ടികളും പ്രധാനമന്ത്രി പദം സ്വപ്നംകണ്ട് പരസ്പരം കലഹിച്ചുകൊണ്ടേയിരുന്നതും മോദിക്കു തണലായി.

ഉറച്ച ഭരണം കാഴ്ചവയ്ക്കാനുള്ള ഭൂരിപക്ഷം ലോക്സഭയിൽ നേടിയ എൻഡിഎ വൈകാതെ ത്തന്നെ രാജ്യസഭയിലും ഭൂരിപക്ഷം നേടും. രാജ്യസഭാ സീറ്റുകളിലേക്ക് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ തങ്ങളുടെ പക്ഷത്തുള്ള കൂടുതൽ പേരെ രാജ്യസഭയിൽ എത്തിക്കാനാകും.

കാത്തിരിക്കാം, വാണിജ്യ വ്യവസായ മേഖലയിൽ മുന്നേറ്റത്തിന്റെ നാളുകൾക്കായി. സാമ്പത്തിക വളർച്ചയുടെ ഗ്രാഫ് മുകളിലേക്കു കുതിക്കുമെന്നു പ്രതീക്ഷിക്കാം.

# Holy Grace™

MAKING A DIFFERENCE

GROUP OF INSTITUTIONS

Affiliated to University of Calicut/ KTU/ KUFOS | Approved by AICTE | CBSE Affiliated: 930395 | ISO 9001:2015 Certified

**ADMISSIONS STARTED 2019-20**

## LKG to +1 | B.Tech. | MBA | PhD | Arts & Science

## Hotel Management | Polytechnic* | Pharmacy*





Chief Mentor

**Mr. Jiji Thomson I.A.S.**
(Former Chief Secretary, Kerala Govt.)



Chief Advisor

**Dr. M. Abdul Salam**
Former Vice Chancellor, Calicut University

## MBA

REGULAR/ RESIDENTIAL

## PhD

FULL TIME/ PART TIME

- MARKETING
- FINANCE
- SYSTEMS
- INTERNATIONAL BUSINESS
- TOURISM & HOSPITALITY
- HUMAN RESOURCE MANAGEMENT

SAP Training
International study tour
Excellent placement support

Ph: 0480-2897185, 9745110061, 9745110089
office@holygracebschool.org
www.holygracebschool.org

Code: HGW

## B.Tech

- MECHANICAL ENGINEERING
- CIVIL ENGINEERING
- COMPUTER SCIENCE & ENGINEERING
- ELECTRONICS & COMMUNICATION ENGINEERING
- ELECTRICAL & ELECTRONICS ENGINEERING

B.Tech Lateral Entry (All Branches)

Ph: 0480-2897900, 2695050, 8086097900, 9495132890
E-mail: holygraceengg@gmail.com, www.holygraceengineering.com

## CBSE

SCHOOL | LKG - +1

- Smart class room with interactive kindergarten software
- National open school (NIOS) for Std.IX & X
- Value driven formation of children at all levels
- Mandatory micro and macro level confidence building activities
- Exclusive Special Education wing with 10 special educators (I- X)

40 Lakhs Scolarship to students from flood affected families

Ph: 0480 - 2893366, 8943250006
info@holygraceacademy.com, www.holygraceacademy.com

MAKING A DIFFERENCE

## Hotel Management

- B.Sc Catering & Hotel Administration
  Duration: 3 Years, Eligibility: +2
- Diploma in Catering & Hotel Administration
  Duration: 3 years, Eligibility: SSLC/+2
- Executive Diploma in Hotel Management
  Dureation: 2 years, Eligibility: SSLC/+2

Ph: 9745110089



## Arts & Science

- B.Com
- BBA
- BA (ENGLISH)
- BA (ECONOMICS)
- B.Sc (MATHS)

(University of Calicut)

ACCA (Add on)

ISDCDirect IN COLLABORATION WITH Think Ahead ACCA

Study Centre for Company Secretary Program

Directly affiliated to ICSI, New Delhi

ICSI

Ph: 9745110097
9495855754

UPCOMING PROGRAMMES

## Polytechnic*

- DIPLOMA IN MECHANICAL ENGINEERING
- DIPLOMA IN CIVIL ENGINEERING
- DIPLOMA IN ELECTICAL ENGINEERING

## Pharmacy College*

- B. Pharm
- D. Pharm

Ph: 0480-2897900, 2695050, 8086097900, 9495132890
E-mail: holygraceengg@gmail.com, www.holygraceengineering.com

*Subject to the approval



ADVENTURE PARK



SWIMMING POOL



HORSE RIDING

Separate A/C & Non A/C Hostel available for Boys & Girls

MATRA

Holy Grace Nagar, Kuruvilassery P.O., Valiyaparambu, Mala, Thrissur - 680732



# റിഥം ഓഫ് ലൈഫ്

തേജശ്രീ

## നമ്പർ പ്ലേറ്റിലെ ആരാധന

**ചന്ദേർ എന്നുപേരുള്ള ഒരാൾ പുതുതായി ഒരു ബിഎംഡബ്ല്യൂ കാർ വാങ്ങി. അതിന്റെ നമ്പർ പ്ലേറ്റിൽ അയാൾ സ്വന്തം പേരല്ല എഴുതിച്ചത്. പകരം ഐ ലവ് (ഹൃദയചിഹ്നം) എആർ ആർ എന്നാണ് പ്ലേറ്റിൽ രജിസ്റ്റർ നമ്പറായി ചേർത്തിരിക്കുന്നത്. എആർ ആർ എന്നത് എ.ആർ. റഹ്മാൻ എന്നതിന്റെ ചുരുക്കെഴുത്താണ്. സംഗീതമാന്ത്രികൻ, മദ്രാസിലെ മൊസാർട്ടിനോടുള്ള ആരാധകന്റെ അളവില്ലാത്ത സ്നേഹത്തിന്റെ മുദ്രയാണ് ആ നമ്പർ പ്ലേറ്റ്.**

**സം**സ്ഥാനത്ത് കഴിഞ്ഞ ഏപ്രിൽ മുതൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർബന്ധമാക്കിയിരുന്നു. നമ്പർ പ്ലേറ്റുകൾക്ക് ഏകീകൃത സ്വഭാവം കൊണ്ടുവരാൻകൂടി സഹായകരമാണ് ഹോളോഗ്രാം മുദ്രയടങ്ങുന്ന പുതിയ പ്ലേറ്റുകൾ. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഇറക്കിയ ഉത്തരവു പ്രകാരമാണ് പുതിയ പരിഷ്കാരം. വാഹനങ്ങളുൾപ്പെടുന്ന തട്ടിപ്പുകളും കുറ്റകൃത്യങ്ങളും തടയാൻ ഇതു സഹായിക്കുമെന്നുതന്നെയാണ് കരുതുന്നത്. ഗുജറാത്ത്, അസം, രാജസ്ഥാൻ, ജമ്മു-കശ്മീർ, കർണാടക, ഗോവ, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ നേരത്തേ മുതൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്.




മുമ്പു വാർത്തയായ കാര്യം ഇ

പ്പോൾ പറയാൻ പ്രചോദനമെന്ത് എന്നു കരുതുന്നവരുണ്ടാകാം. തുടർന്നു വായിക്കുക.

വിദേശങ്ങളിൽ വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകളിൽ ഉടമകൾക്ക് ഇഷ്ടമുള്ള രീതിയിൽ ചുരുക്കപ്പേരുകളും നമ്പറുകളും എഴുതാൻ അനുമതിയുണ്ട്. ഉദാഹരണത്തിന് കെഎൽ 08 ബിഎഫ് എന്നതിനു പകരം വാഹന ഉടമയ്ക്ക് അയാളുടെ പേരിന്റെ ഇനീഷ്യലോ ചുരുക്കപ്പേരോ ഒക്കെ എഴുതാം- ഔദ്യോഗികമായിത്തന്നെ. ഇങ്ങനെ പേഴ്സണലൈസ് ചെയ്യുന്നതിന് മിക്കപ്പോഴും വലിയ തുക മുടക്കേണ്ടിവരുമെന്നുമാത്രം. നമ്മുടെ നാട്ടിൽ ഫാൻസി നമ്പറുകൾ കിട്ടാൻ വൻതുകയ്ക്ക് ലേലം വിളിക്കുന്നതിനു സമാനം.

ഇനി വിക്ടോറിയയിൽനിന്നുള്ള ഒരു വാർത്ത നോക്കാം. അവിടെ ചന്ദേർ എന്നുപേരുള്ള ഒരാൾ പുതുതായി ഒരു ബിഎംഡബ്ല്യൂ കാർ വാങ്ങി. അതിന്റെ നമ്പർ പ്ലേറ്റിൽ അയാൾ സ്വന്തം പേരല്ല എഴുതിച്ചത്. പകരം ഐ ലവ് (ഹൃദയചിഹ്നം) എആർആർ എന്നാണ് പ്ലേറ്റിൽ രജിസ്റ്റർ നമ്പറായി ചേർത്തിരിക്കുന്നത്. എആർആർ എന്നത് എ.ആർ. റഹ്മാൻ എന്നതിന്റെ ചുരുക്കെഴുത്താണ്. സംഗീതമാന്ത്രികൻ, മദ്രാസിലെ മൊസാർട്ടിനോടുള്ള ആരാധകന്റെ അളവില്ലാത്ത സ്നേഹത്തിന്റെ മുദ്രയാണ് ആ നമ്പർ പ്ലേറ്റ്.

ട്വിറ്ററിൽ തന്റെ കാറിന്റെ ചിത്രം പങ്കുവച്ച് ചന്ദേർ ഇങ്ങനെ എഴുതി- എ.ആർ. റഹ്മാൻ, നിങ്ങളുടെ എക്കാലത്തെയും ഏറ്റവും വലിയ ആരാധകൻ ഞാനായിരിക്കും. ഇന്നു ഞാൻ എന്റെ ഡ്രീം കാർ വാങ്ങി. എന്റെ ആരാധനാപാത്രത്തിന്റെ പേര് ആ കാറിലുണ്ടാവണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. സംഗീതംകൊണ്ട് എന്റെ ജീവിതം മാറ്റിമറിച്ചതിന് നന്ദി.

എന്തായാലും ഈ ട്വീറ്റ് റഹ്മാന്റെ ശ്രദ്ധയിൽപ്പെട്ടു. സ്വതസിദ്ധമായ നിഷ്കളങ്കതയും സ്നേഹവും നിറച്ച ഒരു കുഞ്ഞുമറുപടി അദ്ദേഹം ട്വിറ്ററിൽ മറുകുറിപ്പായി എഴുതി- ഡ്രൈവ് സേഫ്‌ലി (സുരക്ഷിതമായി വണ്ടിയോടിക്കൂ).




ചന്ദേറിന്റെ ട്വീറ്റും എ.ആർ. റഹ്മാന്റെ മറുപടിയും സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു.

സംഗീതം ജീവിതത്തെയും ചിന്താഗതികളെയും എങ്ങനെ സ്വാധീനിക്കുന്നു എന്നതിന്റെ ഒരു ചെറിയ ഉദാഹരണമാണ് മുകളിൽ കണ്ടത്. എന്നാൽ ഇതിനൊരു മറുവശംകൂടിയുണ്ട്. ഖജനാവ് നിറയ്ക്കാൻ സർക്കാരിന് വളരെ ലളിതമായ ഒരു വഴിയാണ് ഇത്തരം നമ്പർ പ്ലേറ്റുകൾ. വാഹനത്തിന്റെ നമ്പർ പ്ലേറ്റിൽ സ്വന്തം പേരെഴുതാം എന്ന അവസ്ഥ വന്നാൽ അതിനായി കാശു വാരിയെറിയാൻ ഇഷ്ടംപോലെ ആളുണ്ടാവും. ഫാൻസി നമ്പറുകൾക്ക് ഏതാണ്ട് വാഹനത്തിന്റെ വിലയുടെ അത്രത്തോളം തുക മുടക്കുന്ന ആളുകൾ ഉള്ള നാടാണല്ലോ നമ്മുടേത്. വിദേശ രാജ്യങ്ങളെ മാതൃകയാക്കി നമ്പർ പ്ലേറ്റുകൾ നെയിം പ്ലേറ്റുകളാക്കുന്ന കാര്യം ഏതാനും വർഷങ്ങൾക്കുമുമ്പ് അധികൃതർ ചിന്തിച്ചു തുടങ്ങിയതാണ്. വൈകാതെ ഇതു യാഥാർഥ്യമായിക്കൂടെന്നില്ല.

# കിഫ്ബിയും മസാല ബോണ്ടും കേരള വികസനവും

**ഡോ. എം.എൻ.സുധാകരൻ**



**കി**ഫ്ബിയിലൂടെ പണം കണ്ടെത്തി മൂലധന നിക്ഷേപം ഉയർത്തിക്കൊണ്ട് കേരളത്തിന്റെ വികസനത്തിന് ആക്കം കൂട്ടുക എന്ന തന്ത്രമാണ് ധനകാര്യ വകുപ്പു മന്ത്രി ഡോ. തോമസ് ഐസക് കഴിഞ്ഞ വർഷങ്ങളിലെ ബജറ്റുകളിലൂടെ മുന്നോട്ടു വെച്ചിട്ടുള്ളത്. മൂലധന നിക്ഷേപം സാമ്പത്തിക വളർച്ചയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്. റോഡുകൾ, പാലങ്ങൾ, ഊർജ്ജ ഉൽപാദനം, വാർത്താവിനിമയം, വ്യവസായ പാർക്കുകൾ, ആശുപത്രികൾ, വിദ്യാലയങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം സാമ്പത്തിക വളർച്ചക്കനുപേക്ഷണീയമാണ്. വൻതോതിലുള്ള മൂലധന നിക്ഷേപം നടത്തിയാൽ മാത്രമേ കേരളത്തിന്റെ ഈ മേഖലയിലുള്ള ഇന്നത്തെ

**കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ, സിംഗപ്പൂർ എന്നീ സ്റ്റോക് എക്സചേഞ്ചുകളിലാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ലണ്ടൻ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്ത് 2019 മെയ് പതിനേഴിനാണ്. കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഈ ചടങ്ങിൽ പങ്കെടുത്തു. ഇത്തരം ചട്ടങ്ങളിൽ പങ്കെടുക്കുന്ന ആദ്യമുഖ്യമന്ത്രിയാണ് പിണറായി വിജയൻ. ഒരു സംസ്ഥാന സർക്കാർ സ്ഥാപനം മസാലബോണ്ട് ഇറക്കുന്നത് ആദ്യമായാണ്.**




പോരായ്മകളെ മുറിച്ചുകടക്കാനാവൂ. റവന്യൂ മിച്ചത്തിൽ നിന്നും മൂലധന നിക്ഷേപത്തിന് ബുദ്ധിമുട്ടുന്ന സംസ്ഥാനമാണ് കേരളം.

കേരളത്തിന്റെ തനതുവരുമാനം (നികുതി, നികുതിയേ തരം, ഗ്രാന്റുകൾ) നിത്യനിദാന ചിലവുകൾ (ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയവക്ക് മതിയാകുന്നില്ല. ഇതിനെയാണ് നമ്മൾ റെവന്യൂ കമ്മി എന്ന് വിശേഷിപ്പിക്കുന്നത്. കടം വാങ്ങിയാണ് റെവന്യൂ ചെലവുകൾ നിർവ്വഹിക്കുന്നത്. അപ്പോൾ മൂലധന ചെലവുകൾക്ക് കടംവാങ്ങിയേ മതിയാകൂ. എന്നാൽ സർക്കാരുകൾക്ക് കടം വാങ്ങുന്നതിന് നിയമപരമായി ആകാവുന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. ധന ഉത്തരവാദിത്വ നിയമം (Fiseal Responsibility and Budget Management Act 2003 ) പ്രകാരം സംസ്ഥാന വരുമാനത്തിന്റെ 3 % മാത്രമേ വായ്പ വാങ്ങാനാവൂ. റവന്യു കമ്മി നികത്താൻ കടം വാങ്ങുന്ന സർക്കാരിന് വളരെ കുറച്ചു തുക മാത്രമെ മൂലധന നിക്ഷേപത്തിന് മാറ്റി വെക്കാനാവൂ. സംസ്ഥാന സർക്കാരിന് മാത്രമെ കടം വാങ്ങാൻ പരിധിയുള്ളൂ. സ്വകാര്യ മേഖലയ്ക്ക് ഈ പരിധിയില്ല. സ്വകാര്യമേഖലയുടെ നിക്ഷേപത്തിനുവേണ്ടി വരുന്ന തുകയുടെ സിംഹഭാഗവും കടംവാങ്ങിയാണ് നിർവ്വഹിക്കുന്നത്. സ്വകാര്യമേഖല സൃഷ്ടിക്കുന്ന മിച്ചത്തിൽ

നിന്നും മുതലും പലിശയും തിരിച്ചടയ്ക്കുകയും ചെയ്യുന്നു. സ്വകാര്യ മേഖലയ്ക്ക് ലഭിക്കുന്ന പരിഗണന സർക്കാരിനു നൽകാൻ തയ്യാറാവുന്നില്ല എന്നതാണ് ധന ഉത്തരവാദിത്വ നിയമത്തിന്റെ പൊരുൾ. വായ്പയ്ക്ക് പരിധി നിർണ്ണയിക്കുന്നതിലൂടെ സർക്കാരിന്റെ ചെലവിനും ഇടപെടൽ ശേഷിക്കും പരിധിയിടാനാണ് ധന ഉത്തരവാദിത്വ നിയമം ലക്ഷ്യമിടുന്നത്. സർക്കാരിന്റെ ചെലവിനെ പരിമിതപ്പെടുത്തുന്ന ഈ നിയമത്തെ മറികടക്കുന്നതിനുള്ള നിയമപരമായ ഒരു സംവിധാനമാണ് കിഫ്ബി. സംസ്ഥാന സർക്കാരിന്റെ കീഴിൽ, സർക്കാർ ഗാരന്റിയോടെ വായ്പ വാങ്ങി മൂലധന നിക്ഷേപം നടത്തുന്നതിനുള്ള സവിശേഷമായ ഒരു സംവിധാനമാണിത്. (Special Purpose vehicle). കിഫ്ബി വായ്പയെടുക്കുന്നത് സർക്കാരിന്റെ വായ്പ കണക്കിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട് ധന ഉത്തരവാദിത്വ നിയമത്തിന്റെ നിയന്ത്രണത്തിനു പുറത്ത് അധിക ധനം കണ്ടെത്തി നിക്ഷേപം നടത്താൻ സാധിക്കുന്നുവെന്നതാണ് കിഫ്ബിയുടെ മെച്ചം.

## കിഫ്ബി

കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ് ബോർഡിന്റെ ചുരുക്കപ്പേരാണ് കിഫ്ബി (KIIFB). കേരള നിയമസഭ പാസാക്കിയ നിയമത്തിലൂടെ 1999 ലാണ് ഇത് നിലവിൽ വന്നത്. മുഖ്യമന്ത്രി ചെയർമാനും , ധനവകുപ്പു മന്ത്രി ഉപാധ്യക്ഷനും പ്ലാനിങ്ങ് ബോർഡ് വൈസ് ചെയർമാൻ, ധന നിയമ സെക്രട്ടറിമാർ ധനമേഖലയിലെ വിദഗ്ദർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ ഉൾപ്പെടുന്നതാണ് കിഫ്ബിയുടെ ഭരണസമിതി.

കിഫ്ബി യുടെ വായ്പകൾക്ക് സർക്കാർ ഉറപ്പ് നൽകുന്നുണ്ട്. അതുകൊണ്ട് നിക്ഷേപകർക്ക് ആശങ്കപ്പെടേണ്ടതില്ല. കേരളം ചുമത്തുന്ന പെട്രോളിയം സെസ്സും മോട്ടോർ വാഹന നികുതിയുടെ പത്തുശതമാനവും (ഇത് പടിപടിയായി ഉയർത്തി 50 % വരെ) കിഫ്ബി ക്ക് സർക്കാർ ഓരോ വർഷവും നൽകും. കടപ്പത്രങ്ങൾ, പ്രവാസി ചിട്ടി, ലാന്റ് ബോണ്ടുകൾ തുടങ്ങിയവയിലൂടെ ധന സമാഹരണം കിഫ്ബി ലക്ഷ്യമിടുന്നു. അഞ്ചു വർഷം കൊണ്ട് അമ്പതിനായിരം കോടി രൂപ ഈ രീതിയിൽ സമാഹരിച്ച് നിക്ഷേപം നടത്താനാണ് കിഫ്ബി ലക്ഷ്യമിട്ടിട്ടുള്ളത്.




കിഫ്ബിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകൾ കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നവയാണ്. രണ്ടു ലക്ഷം കുടുംബങ്ങളിലേക്കും മുപ്പത്തിമൂവ്വായിരത്തിൽപ്പരം സർക്കാർ സ്ഥാപനങ്ങളിലേക്ക് ഡിജിറ്റൽ കണക്ഷൻ നൽകുന്ന പദ്ധതി, തീരദ്ദേശ മലയോര ഹൈവേ, കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക്, 45000 ൽപ്പരം ഹൈടെക് ക്ലാസ് മുറികൾ, തിരുവനന്തപുരത്തെ ലൈഫ് പാർക്ക് എന്നിവ ശ്രദ്ധേയമായ പ്രോജക്ടുകളാണ്. ഖരമാലിന്യ സംസ്കരണവും ശുദ്ധമായ കുടിവെള്ള വിതരണവും, ആരോഗ്യ മേഖലയിലെ ഇടപ്പെടലുകളും കിഫ്ബിയിലൂടെ നിർവ്വഹിക്കുന്നുണ്ട്.

## മസാലബോണ്ട്

അന്താരാഷ്ട്ര മൂലധന കമ്പോളത്തിൽ നടക്കുന്ന ഇടപാടുകളിൽ ഭൂരിഭാഗവും ഡോളർ, യൂറോ തുടങ്ങിയ ശക്തമായ കറൻസിയുടെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. എന്നാൽ, വിദേശ മൂലധന വിപണിയിൽ ഇന്ത്യൻ രൂപയിൽ കൈമാറ്റം നടക്കുന്നവ

യാണ് മസാല ബോണ്ടുകൾ. ഇന്ത്യൻ ഭക്ഷണത്തിന്റെ മസാലായുടെ മണം നമ്മുടെ കടപ്പത്രങ്ങളെ തിരിച്ചറിയുന്നതിന് ഉപയോഗിക്കുന്നുവെന്ന് മാത്രം. ജപ്പാന്റെ സമുറായി ബോണ്ടും, ചൈനയുടെ ജിംസംബോണ്ടും അവരവരുടെ കറൻസിയുടെ അടിസ്ഥാനത്തിലുള്ള കടപ്പത്രങ്ങളാണ്. ഇന്ത്യൻ രൂപയിൽ വിനിമയം നടക്കുന്നതുമൂലം രൂപയുടെ മൂല്യത്തിലുണ്ടാക്കുന്ന ഏറ്റക്കുറച്ചിലിന്റെ ബാധ്യത ബോണ്ട് വാങ്ങുന്നവർക്കായിരിക്കും. മസാല ബോണ്ടുകൾ ഇറക്കുന്നത് ഇന്ത്യൻ കറൻസിക്ക് അന്താരാഷ്ട്ര ധനഇടപാടുകളിൽ സ്ഥാനം നേടാൻ സഹായിക്കുകയും ചെയ്യും.

കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ, സിംഗപ്പൂർ എന്നീ സ്റ്റോക് എക്സ ചേഞ്ചുകളിലാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ലണ്ടൻ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്തത് 2019 മെയ് പതിനേഴിനാണ്. കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഈ ചടങ്ങിൽ പങ്കെടുത്തു. ഇത്തരം ചട്ടങ്ങളിൽ പങ്കെടുക്കുന്ന ആദ്യമുഖ്യമന്ത്രിയാണ് പിണറായി വിജയൻ. ഒരു സംസ്ഥാന സർക്കാർ സ്ഥാപനം മസാലബോണ്ട് ഇറക്കുന്നത് ആദ്യമായാണ്. എച്ച്.ഡി.എഫ്.സി യും ടി.പി.സിയും മസാല ബോണ്ടിലൂടെ ധനസമാഹരണം നടത്തിയിട്ടുണ്ട്.

മൂലധന കംബോളത്തിൽ ഇറക്കുന്ന വായ്പാ ഉപകരണങ്ങളുടെ ലാഭനഷ്ടസാധ്യതയെ വിലയിരുത്തി അന്താരാഷ്ട്ര ഏജൻസികൾ ഗ്രേഡിംഗ് നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ കടപ്പത്രങ്ങൾക്കുള്ള ഗ്രേഡിംഗ് BBB ആണ്. കിഫ്ബിയുടെ മികച്ച റേറ്റിംഗ് ആണ് BB .




സി ഡി പി ക്യു (CDPQ) എന്ന കനേഡിയൻ ഫണ്ട് മാനേജിംഗ് കമ്പനി കിഫ്ബി യുടെ മസാല ബോണ്ടിൽ 2150 കോടി നിക്ഷേപിച്ചു. പലിശനിരക്ക് 9.723%. ഇത് കിഫ്ബിയുടെ വിശ്വാസ്യതക്കും തിരിച്ചടവ് ശേഷിക്കുമുള്ള വലിയ അംഗീകാരമാണ്. കൂടുതൽ തുക വായ്പയായി വാങ്ങുന്നതിനുള്ള സാഹചര്യം ഇതു മൂലം കിഫ്ബിക്ക് ലഭിക്കുകയും ചെയ്യും.

കൂടുതലായി വായ്പ വാങ്ങുന്നത് ഭാവിയിൽ തിരിച്ചടവ് പ്രതിസന്ധി സൃഷ്ടിക്കില്ലേ എന്ന ആശങ്ക പലരും ഉയർത്തുന്നുണ്ട്. വായ്പവാങ്ങുന്ന തുക എങ്ങിനെ വിനിയോഗിക്കുന്നു എന്നതനുസരിച്ചായിരിക്കും ഇത്. സാമ്പത്തിക വളർച്ചക്ക് ഉപകരിക്കുന്ന മേഖലയിലാണ് വായ്പ വിനിയോഗമെങ്കിൽ ഭാവിയിൽ തിരിച്ചടവ് ബാദ്ധ്യതയുടെ വളർച്ച നിരക്കിനേക്കാൾ സംസ്ഥാന വരുമാനം വർദ്ധിക്കുകയാണെങ്കിൽ അധിക വായ്പ പ്രതിസന്ധി സൃഷ്ടിക്കുകയില്ല. മറിച്ചായാൽ പ്രതിസന്ധി ഉണ്ടാവുകയും ചെയ്യുന്നു. പത്ത് വർഷം കഴിഞ്ഞ് സ്വന്തം വരുമാനം കണ്ടെത്തി പ്രധാന റോഡ് നിർമിക്കാൻ കഴിയൂ എന്നിരിക്കട്ടെ. കടം വാങ്ങി ഇപ്പോൾ നിർമ്മിക്കുന്നതാണ് ലാഭകരം. കാരണം നിർമാണ ചിലവിലുണ്ടാകുന്ന വർദ്ധന പലിശയേക്കാൾ ഉയർന്നതായിരിക്കും.

ആയതുകൊണ്ട് ഇന്ന് റോഡ് നിർമിക്കുന്നതാണ് ലാഭകരം. മാത്രമല്ല പത്തുവർത്തിനുശേഷം ലഭിക്കുമായിരുന്ന സൗകര്യം ഇന്ന് ലഭിക്കുകയും ചെയ്യും. ഇത് സാമ്പത്തിക വളർച്ചക്ക് സഹായകമാകും. കിഫ്ബി വായ്പയുടെ വിനിയോഗം ഏത് മേഖലയിലാണ് എന്നതും അതിന്റെ നേട്ടങ്ങൾ എന്താണെന്നും വിലയിരുത്തി വേണം പ്രത്യാഘാതങ്ങൾ മനസിലാക്കാൻ.

കിഫ്ബി യിലൂടെ നിർവഹിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തികരിക്കാൻ കഴിയുക എന്നതും വളരെ പ്രധാനമാണ്. നിർമാണം വൈകിയാൽ ചെലവ് കൂടും. കിഫ്ബി പ്രാവർത്തികമാക്കാൻ കഴിയുന്ന നവീന സ്ഥാപനമാണ്. കേരളത്തിന്റെ വികസനത്തിന് ഉത്തേജനം നൽകാൻ ഇതിനു കഴിയും. ●

# ചിട്ടി വ്യവസായത്തെ സംരക്ഷിക്കണം



**സി.എൽ. ഇഗ്നേഷ്യസ്**
ട്രഷറർ, ഓൾ കേരള ചിട്ടി ഫോർമെൻസ് അസോസിയേഷൻ

**കേ**രളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് ചിട്ടിവ്യവസായം. 100-150 വർഷങ്ങൾക്കു മുമ്പ് മധ്യകേരളത്തിൽ പള്ളികളോടും, മറ്റ് മതസ്ഥാപനങ്ങളോടും ചേർന്നുള്ള ചാരിറ്റബിൾ ധർമ്മസ്ഥാപനങ്ങളിലാണ് ആദ്യമായി കുറി അല്ലെങ്കിൽ ചിട്ടി എന്ന വ്യവസായം ആരംഭിച്ചത്. പിന്നീട് അത് വ്യാവസായികമായി മാറുകയും ജനങ്ങളുടെ ഇടയിൽ ചെറിയ സമ്പാദ്യ പദ്ധതികൾ എന്ന രീതിയിൽ വളരെയധികം പ്രചാരം നേടുകയും ചെയ്തു. ഇന്ന് കേരളത്തിൽ 111 ചാരിറ്റബിൾ ചിട്ടി സ്ഥാപനങ്ങൾക്ക് പുറമേ 5000ത്തോളം സ്ഥാപനങ്ങൾ ചിട്ടി നടത്തുന്നു. ഇത്തരം ചിട്ടിസ്ഥാപനങ്ങൾ താഴ്ന്ന വരുമാനത്തിൽ നിൽക്കുന്ന കുടുംബങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ശ്രദ്ധപതിപ്പിക്കുന്നു.

പലിശനഷ്ടം ഇല്ലാതെ പരസ്പരം സഹകരിച്ചുകൊണ്ട് തവണ പദ്ധതിയിൽ പണം കടം



കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന രീതി കാരണവന്മാർ ആവിഷ്കരിച്ചതാണ്. തവണകളുടെ എണ്ണത്തിന് തുല്യമായതോ അല്ലെങ്കിൽ അതിന്റെ ഇരട്ടിപ്പുകൾക്ക് തുല്യമായതോ ആയ അംഗസംഖ്യയുള്ളതാണ് കുറികളും ചിട്ടികളും. ഓരോ തവണയും പിരിച്ചെടുക്കുന്ന ദ്രവ്യം അംഗങ്ങൾക്ക് കൊടുത്തുകൊണ്ട് കുറിയുടെ അവസാനത്തിൽ എല്ലാ അംഗങ്ങളും ഘട്ടം ഘട്ടമായി വാങ്ങിയ ബാധ്യത ഘട്ടം ഘട്ടമായിതന്നെ അടച്ചുതീരുന്ന ഒരു സംവിധാനമാണിത്. പരസ്പര സഹകരണത്തിന്റെ പരിശുദ്ധിയും പവിത്രതയും ഈ പ്രസ്ഥാനത്തെ നിലനിർത്തിക്കൊണ്ടുവന്നു.

ചിട്ടി വ്യവസായത്തിന്റെ ചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം.

**1. ധാന്യക്കുറികളുടെ കാലം**

ധാന്യത്തിന്റെ ഒരു നിശ്ചിത അളവ് തവണകളായി അടയ്ക്കുകയും ഓരോ തവണയും പിരിച്ചെടുക്കുന്ന മൊത്തം ധാന്യം ഓരോ പ്രാവശ്യവും കുറിസംഖ്യയായി നൽകുകയും ചെയ്യുന്ന ആദ്യകാലഘട്ടം.

**രൂപ, അണ, പൈ എന്ന നാണയക്രമത്തിന്റെ കാലം**

ധാന്യത്തിന് പകരം നാണയത്തെ കൈകാര്യം ചെയ്യുന്ന ഘട്ടമാണ് രണ്ടാമത്തേത്. 111 തവണക്കും 111 നറുക്കുകളും നറുക്കൊന്നുക്ക് 100 ക. വീതം 11100 ക. സലയുള്ളതുമായിരുന്നു 70 കൊല്ലം മുമ്പ് ഉണ്ടായിരുന്ന ഏറ്റവും വലിയ കുറി. 100 ക യുടെ ഒരു മുഴുവൻ നറുക്ക് ചേർന്ന് നടത്തുവാൻ

**ഇന്ന് കേരളത്തിൽ 111 ചാരിറ്റബിൾ ചിട്ടി സ്ഥാപനങ്ങൾക്ക് പുറമേ 5000ത്തോളം സ്ഥാപനങ്ങൾ ചിട്ടി നടത്തുന്നു. ഇത്തരം ചിട്ടിസ്ഥാപനങ്ങൾ താഴ്ന്ന വരുമാനത്തിൽ നിൽക്കുന്ന കുടുംബങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ശ്രദ്ധപതിപ്പിക്കുന്നു.**

**കേന്ദ്ര ചിട്ടി നിയമം 30.4.2012ൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും 4.6.2012ൽ കേരള ചിട്ടി റൂൾസ് 2012 പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. രജിസ്ട്രേഷൻ വകുപ്പിനാണ് കേരളത്തിൽ കേന്ദ്ര ചിട്ടി നിയമമനുസരിച്ചുള്ള ചിട്ടി നടത്തിപ്പിന്റെ മേൽനോട്ട ചുമതല.**

അക്കാലത്ത് അഞ്ചോ പത്തോ വ്യക്തികൾക്കെ കഴിയുമായിരുന്നുള്ളൂ. ബാക്കിയെല്ലാം വിവിധ ക്ലാസുകളായി തിരിച്ച് (വീതാംശമാക്കി തിരിക്കുക ABCD etc) 111 തവണക്കുള്ള ടിക്കറ്റുകൾ പൂർത്തിയാക്കുകയാണ് പതിവ്.

### ഇപ്പോഴത്തെ പണവിനിമയത്തിന്റെ രീതി

സർക്കാരിന്റെ അനുമതിയോടെ 60 മാസ കാലാവധി വരെയുള്ള കുറികൾ തുടങ്ങുന്നു. കുറി തുടങ്ങുവാൻ ആവശ്യമായ ആദ്യതവണ സല അസി. രജിസ്ട്രാർ ഓഫ് ചിട്ടീസിന്റെ പേരിൽ കെട്ടിവെച്ച് ആവശ്യമായ രേഖകൾ സമർപ്പിച്ച് കുറികൾ ആരംഭിക്കുന്നു. ഒന്നു മുതൽ ആവശ്യമുള്ള ഡിവിഷനുകൾ (സർക്കാർ അനുമതിക്ക് വിധേയമായി) തുടങ്ങുന്നതിന് തടസമില്ല.

യാതൊരു നിയമങ്ങളും ഇല്ലാത്ത, ആദ്യ കാലഘട്ടത്തിൽ തൃശൂർ കൽദായ സുറിയാനി മാർത്തമറിയം പള്ളി, ലൂർദ്ദ് പള്ളി കുറി, ധർമ്മോദയം കമ്പനി തൃശൂർ, ക്ഷേമവിലാസം കമ്പനി തൃശൂർ എന്നിവിടങ്ങളിൽനിന്ന് കുറികൾ നടത്തിയിരുന്നതായി ചരിത്രരേഖകളിൽ പറയുന്നു. 1107ൽ കൊച്ചിൻ കുറീസ് ആക്ട് നിലവിൽ വന്നു. കൊച്ചിൻ കുറീസ് ആക്ടും ട്രാവൻകൂർ ചിട്ടീസ് ആക്ടും നാലു ദശാബ്ദക്കാലം കുറികളെ നിയന്ത്രിച്ചതാണ് രണ്ടാംഘട്ടം. അടിയന്തിരാവസ്ഥയുടെയും ഭരണഘടനയുടെയും ഒമ്പതാം ഷെഡ്യൂളിന്റെയും സംരക്ഷണയിൽ 1975ൽ പാസായ കേരള ചിട്ടീസ് ആക്ടിന്റേതാണ് മൂന്നാമത്തെ കാലഘട്ടം. ആദ്യത്തെയും രണ്ടാമത്തേതുമായ ആയ കാലങ്ങളിൽ കുറികൾ നടത്തുവാൻ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. 1975ലെ കേരള ചിട്ടീസ് ആക്ടും 1982ലെ കേന്ദ്ര ചിട്ടി നിയമവും പ്രാബല്യത്തിലായതോടെ കുറികൾ നടത്തുവാൻ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നു. 30.4.2012ൽ സുപ്രീംകോടതി വിധിയെ തുടർന്ന് കേരളത്തിലും കേന്ദ്ര ചിട്ടി നിയമം കർശനമായി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചു. തുടർന്ന് കേന്ദ്ര നിയമത്തെ മറികടക്കുവാൻ വേണ്ടി അന്യസംസ്ഥാനങ്ങളിൽ നിന്ന് (ഫരിദാബാദ്, ജമ്മു) കുറി തുടങ്ങിയിരുന്നത് നിർത്തലാക്കി. ഇപ്പോൾ പൂർണമായും കേന്ദ്ര ചിട്ടിനിയമത്തിന്റെ അടിസ്ഥാനത്തിലാണ് കുറി നടത്തിവരുന്നത്.

കേന്ദ്ര ചിട്ടി നിയമം 30.4.2012ൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും 4.6.2012ൽ കേരള ചിട്ടി റൂൾസ് 2012 പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. രജിസ്ട്രേഷൻ വകുപ്പിനാണ് കേരളത്തിൽ കേന്ദ്ര ചിട്ടി നിയമമനുസരിച്ചുള്ള ചിട്ടി നടത്തിപ്പിന്റെ മേൽനോട്ട ചുമതല. എന്നാൽ കേന്ദ്ര ചിട്ടിനിയമം നടപ്പിലാക്കുമ്പോൾ രജിസ്ട്രേഷൻ വകുപ്പ് വേണ്ടത്ര ഗൃഹപാഠവും തയാറെടുപ്പും ചെയ്യാതിരുന്നതും ജീവനക്കാരെ വേണ്ടത്ര ഏർപ്പാടാക്കാതിരുന്നതും ചിട്ടി നടത്തിപ്പിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചു.

പുതിയ കുറികൾ തുടങ്ങാൻ പ്രാരംഭാനുമതി ലഭിക്കാനുള്ള അപേക്ഷ നൽകുമ്പോൾ തുടങ്ങി സബ് രജിസ്ട്രാർ ഓഫീസുകളിൽ അനുഭവിക്കേണ്ടിവരുന്ന പ്രയോഗപരമായ നൂലാമാലകൾ, ന്യായീകരിക്കാനാവാത്ത കാലതാമസങ്ങൾ എന്നിവയൊക്കെ പല ചിട്ടി സ്ഥാപനങ്ങളെയും പ്രവർത്തനം അവസാനിപ്പിക്കുവാൻ നിർബന്ധിതമാക്കി. കേരളത്തിലെ, ചെറുകിട ഇടത്തരം ചിട്ടികമ്പനികൾ പ്രവർത്തനപ്രയാസങ്ങളിൽ മനംമടുത്ത് പുതിയ കുറികൾ തുടങ്ങേണ്ടെന്നു വച്ചു. ഇതുമൂലം സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരെ വ്യാപകമായി ഒഴിവാക്കുവാൻ തുടങ്ങി. കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ പ്രാബല്യത്തിലായതുമുതൽ ചുരുങ്ങിയത് 5000 പേർക്കെങ്കിലും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടാകും. ചിട്ടി മേഖലയിലെ ജീവനക്കാർ സംഘടിതരല്ലാത്തതുകൊണ്ട് ശക്തമായി ഈ വിഷയം പൊതുസമൂഹത്തിനു മുമ്പാകെ ഉന്നയിക്കപ്പെടുന്നില്ല. ജോലി നഷ്ടപ്പെടുന്ന സാഹചര്യം തുടരാതിരിക്കുവാൻ സർക്കാർ അടിയന്തരമായി ഇടപെടണം. കേരളത്തിൽ അയ്യായിരത്തോളം കുറികമ്പനികളിലായി കാൽലക്ഷത്തോളം ജീവനക്കാർ ഉണ്ട്.

### ആർബിട്രേഷൻ ശക്തിപ്പെടണം

കേന്ദ്ര ചിട്ടി നിയമമനുസരിച്ച് ചിട്ടിവരിക്കാർ

തവണ അടയ്ക്കാൻ മുടങ്ങിയാൽ പിരിച്ചെടുക്കുവാനുള്ള ആർബിട്രേഷൻ സംവിധാനത്തെ സർക്കാർവികേന്ദ്രീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് കേന്ദ്രമായി ആർബിട്രേറ്റർമാരെ നിയമിച്ചെങ്കിലും, ആഴ്ചയിലൊരിക്കലാണ് അവരുടെ സേവനം വ്യവസ്ഥ ചെയ്തിട്ടുള്ളത്. തൃശൂർ മേഖലയിൽ ഇപ്പോൾതന്നെ രണ്ടായിരത്തിഅഞ്ഞൂറോളം ഹർജികൾ പരിഗണിക്കാനുണ്ട്. എല്ലാ ദിവസവും ആർബിട്രേറ്റർ സേവനത്തിനു പുറമേ ഒരു ക്ലർക്കിന്റെയും രണ്ട് സ്റ്റെനോഗ്രാഫർമാരുടെയും സേവനം അടിയന്തരമായി ലഭ്യമാക്കാതിരുന്നാൽ ആർബിറ്റേഷൻ നടപടികൾ സ്തംഭിക്കും. ഫലത്തിൽ ഇപ്പോൾ ആർബിട്രേഷൻ സംവിധാനം നിശ്ചലമാണ്. അതുകൊണ്ടുതന്നെ കുറിതവണ മുടക്കുകൾ പിരിച്ചെടുക്കാനാവാത്ത ചിട്ടി സ്ഥാപനങ്ങൾ വലിയ പ്രതിസന്ധിയെ നേരിടുകയാണ്. പ്രതികൂല സാഹചര്യങ്ങളിൽ പിടിച്ചുനിൽക്കുന്ന കമ്പനികൾകൂടി പ്രവർത്തനം അവസാനിപ്പിക്കുവാനുള്ള ആലോചനയിലാണ്. ഇക്കാര്യത്തിൽ അടിയന്തരമായ പരിഹാരനടപടികൾ ഉണ്ടാകണം.

## സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചുകിട്ടൽ

മറ്റൊരു ഗുരുതര പ്രതിസന്ധി കുറി തുടങ്ങാൻ അനുമതിക്കായുള്ള അപേക്ഷയോടൊപ്പം ബാങ്കുകളിൽ സെക്യൂരിറ്റിയായി കെട്ടിവെച്ച തുക തിരിച്ചുകിട്ടാത്തതാണ്. കുറി വട്ടമെത്തി ആറ് മാസം പിന്നിട്ടാൽ ഡെപ്പോസിറ്റ് പിൻവലിക്കാനുള്ള വ്യവസ്ഥയിലാണ് നിക്ഷേപം നടത്തിയിട്ടുള്ളത്. തിരിച്ചുകിട്ടാനുള്ള അപേക്ഷകളാകട്ടെ, വേണ്ടത്ര ജീവനക്കാരുടെ, പ്രത്യേകിച്ച് തൃശൂർ ജില്ല പോലുള്ള കേന്ദ്രങ്ങളിൽ ചിട്ടി ഓഡിറ്റർമാരുടെ എണ്ണം കുറവുമൂലം കെട്ടികിടക്കുകയും ഇഴഞ്ഞുനീങ്ങുകയുമാണ്. ഇതുമൂലം ഓരോ കമ്പനിക്കും പുതിയ കുറി തുടങ്ങാൻ സംഖ്യ കെട്ടിവെക്കുവാൻ പ്രയാസം അനുഭവപ്പെടുന്നു.

നിക്ഷേപസംഖ്യ തിരിച്ചുകിട്ടാനുള്ള കാലതാമസം പുതിയ കുറികൾ തുടങ്ങേണ്ടെന്ന തീരുമാനത്തിലേക്ക് ചിട്ടിസ്ഥാപനങ്ങളെ എത്തിച്ചിരിക്കുന്നു. ഈ വിഷയത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും നിക്ഷേപസംഖ്യ തിരിച്ചുകിട്ടാനുള്ള അപേക്ഷ അച്ചടിക്കുന്ന ഗസറ്റിൽ വേണമെന്ന വ്യവസ്ഥ ഒഴിവാക്കി ഇ-ഗസറ്റിൽ മതിയെന്ന് ഉത്തരവുണ്ടാക്കി ചിട്ടി സ്ഥാപനങ്ങളെ നിലനിർത്താൻ സർക്കാർ സന്മനസ് കാണിക്കണം.

നൂറു മാസ കാലാവധിയുള്ള ചിട്ടി തുടങ്ങുവാനായി ആവശ്യമായ ഭേദഗതി സർക്കാർ കൊണ്ടുവരണം. 100 മാസത്തെ കുറികൾ KSFE ഇപ്പോൾ നടത്തിവരുന്നുണ്ട്. സ്വകാര്യ കുറികമ്പനികൾക്ക് കമ്പനിയുടെ ആസ്തി പരിശോധിച്ച് സർക്കാരിന് വേണമെങ്കിൽ കുറി തുടങ്ങുവാനുള്ള അനുമതി നൽകാവുന്നതാണ്. ഇപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി കുറി കമ്പനികൾ സർക്കാർ അനുമതിയോടെ 100 മാസ കാലാവധിയുള്ള മാസക്കുറി, പൂവ്വൽക്കുറികൾ തുടങ്ങിയിട്ടുണ്ട്. നോട്ട് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ 100 മാസത്തെ കുറികൾ തുടങ്ങുവാൻ ഗ്യാരണ്ടി നിൽക്കുവാൻ കഴിയില്ലെന്നാണ് ഈ സർക്കാർ അപേക്ഷകർക്ക് നൽകുന്ന മറുപടി. ഈ തീരുമാനം സർക്കാർ പുനഃപരിശോധിക്കണം. കുറിക്കമ്പനികളുടെ സഹായത്താൽ ഭവനനിർമാണം, വസ്തുവാങ്ങൽ, മക്കളുടെ വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് വലിയ സഹായമായിരിക്കും സർക്കാർ ഇക്കാര്യം നടപ്പിലാക്കിയാൽ.

സർക്കാർ ചിട്ടി വ്യവസായത്തെ സംരക്ഷിക്കുവാൻ അടിയന്തരമായി ഇടപെട്ടാൽ ഈ വ്യവസായം പഴയപോലെ ശക്തിപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

**നൂറു മാസ കാലാവധിയുള്ള ചിട്ടി തുടങ്ങുവാനായി ആവശ്യമായ ഭേദഗതി സർക്കാർ കൊണ്ടുവരണം. 100 മാസത്തെ കുറികൾ KSFE ഇപ്പോൾ നടത്തിവരുന്നുണ്ട്. സ്വകാര്യ കുറികമ്പനികൾക്ക് കമ്പനിയുടെ ആസ്തി പരിശോധിച്ച് സർക്കാരിന് വേണമെങ്കിൽ കുറി തുടങ്ങുവാനുള്ള അനുമതി നൽകാവുന്നതാണ്.**



# മൂലധനം എന്ന ധനം!!!



**രാജേഷ്കുമാർ കെ. പിള്ള,**
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

നമ്മുടെ ഓരോരുത്തരുടേയും വ്യക്തിജീവിതത്തിൽ സാമ്പത്തിക സുരക്ഷിതത്വത്തിനുള്ള പ്രാധാന്യം പ്രത്യേകിച്ച് പ്രതിപാദിക്കേണ്ടതില്ലല്ലോ. ധനസമ്പത്ത് (wealth) ഓരോ വ്യക്തിക്കും കുടുംബത്തിനും സുരക്ഷിതത്വത്തിന്റെയും ആത്മവിശ്വാസത്തിന്റേയും ഒരന്തരീക്ഷം പ്രദാനം ചെയ്യുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. സാമ്പത്തികമായ സുരക്ഷിതത്വം (Financial Security) നിലകൊള്ളുന്നതാകട്ടെ ഓരോരുത്തരുടെയും ദൈനംദിന ആവശ്യങ്ങൾ നിറവേറ്റിക്കഴിഞ്ഞും കൈയിൽ ശേഷിക്കുന്ന കരുതൽ ധനത്തിന്റെ അളവുമായി വളരെ ചേർന്നുനില്ക്കുന്നു എന്ന് നമുക്ക് മനസിലാക്കാം. കരുതൽ ധനം (Surplus Capital) നമുക്ക് മുൻകൂട്ടി കാണാൻ സാധിക്കാത്ത അത്യാഹിതങ്ങളിൽനിന്നും കരകയറാൻ നമ്മെ സഹായിക്കുന്നു.

ബിസിനസുകാരെ സംബന്ധിച്ചിടത്തോളം മൂലധനം (Capital) യുക്തമായ അളവിൽ തന്റെ കൈവശം/സ്ഥാപനത്തിലുറപ്പാക്കേണ്ടത് അത്യാവശ്യമാണ്. അപ്പോൾ ന്യായമായും ഉയരുന്ന ചോദ്യം എന്താണ് യുക്തമായ ക്യാപിറ്റൽ എന്നാവും. ശരിയായ ക്യാപിറ്റൽ അനുപാതം ഓരോ ബിസിനസിനും വ്യത്യസ്തമായിരിക്കാം. സാധാരണഗതിയിൽ ട്രേഡിംഗ്, ഉത്പന്ന, നിർമാണ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ബാങ്കുകളും ഇതര ധനകാര്യസ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന മൂലധന അനുപാതം 1: 3 ആണ്. അതായത് ബിസിനസിനാവശ്യമായ മൂലധനത്തിൽ സ്വന്തമായുള്ള മൂലധനം അഥവാ ഇക്വിറ്റി ഷെയർ ക്യാപിറ്റൽ സംഖ്യയുടെ മൂന്ന് മടങ്ങ് ഒരു വ്യാപാരത്തിൽ അല്ലെങ്കിൽ വ്യവസായത്തിൽ വായ്പയായി സ്വീകരിക്കാം എന്നതാണ്.

നേരെമറിച്ച് തുടങ്ങാൻ പോകുന്നത് ധനകാര്യ സ്ഥാപനമാണെങ്കിൽ ഈ അനുപാതം 1: 6 വരെ ആകാം. അതായത് സ്വന്തം മൂലധനത്തിന്റെ ആറിരട്ടിവരെ വായ്പ ലഭ്യമാണ്.

മൂലധന സമാഹരണത്തിന് ധാരാളം മാർഗങ്ങൾ ഉണ്ട്. അതിൽ പലതും ബിസിനസ് സംരംഭം ആരംഭിച്ച് ലാഭകരമായി വർഷങ്ങളോളം പ്രവർത്തിക്കുന്നവയ്ക്കാണ് പ്രഥമ പരിഗണന കല്പിക്കുന്നത്. ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യുകയും രാജ്യത്താകമാനം ചെറുതും വലതുമായ നിക്ഷേപകരിൽനിന്നും മൂലധനം സമാഹരിക്കുന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഓഹരിവിപണിയിൽ കൂടിയുള്ള ധനസമാഹരണം പൂർണമായും മറ്റൊരു തലത്തിലാകയാൽ അതിനെകുറിച്ച് വിവരിക്കാൻ ഞാൻ മുതിരുന്നില്ല. ഈ ലേഖനത്തിൽകൂടി ചെറുകി



ട, ഇടത്തരം സംരംഭകർക്ക് സ്വീകരിക്കാവുന്ന മൂലധന സമ്പാദന മാർഗങ്ങളാണ് വിവരിക്കുന്നത്.

മുൻ അധ്യായങ്ങളിൽ ഞാൻ സൂചിപ്പിക്കുകയുണ്ടായി ഒരു ബിസിനസ് സ്ഥാപനം, കമ്പനിയാണെങ്കിലും പരമാവധി 200 പേരിൽ നിന്നും മാത്രമേ മൂലധനം സമാഹരിക്കാൻ കഴിയൂ എന്ന്. പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആണെങ്കിൽ കമ്പനിയുടെ ജോലിക്കാർക്ക് പുറമേ 200 പേരിൽ കൂടുതൽ ഓഹരി ഉടമകൾ ഒരു സമയത്തും ഉണ്ടാകാൻ പാടില്ല. പബ്ലിക് കമ്പനികൾക്ക് അത്തരം നിയന്ത്രണമില്ല എങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ 200 ഓഹരിഉടമകൾ എന്ന് പരിമിതപ്പെടുത്തിയിട്ടുണ്ട് (Companies Act - Section 42(1) and Rule 14). 200 പേർക്ക് മുകളിലായ അത്തരം മൂലധന സമാഹരണം പബ്ലിക് ഇഷ്യൂ എന്ന സെബിയുടെ നിർവചനത്തിൽ വരികയും സെബി (SEBI) യുടെ നിയന്ത്രണങ്ങൾക്ക് വിധേയമായും വേണം ധനസമാഹരണം നടത്തുവാൻ.

ഒരു ബിസിനസ് സംരംഭം ആരംഭിക്കുമ്പോൾ നാം മറ്റുള്ളവരിൽനിന്നും മൂലധനം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുന്നത് നന്നായിരിക്കും.

1. നിക്ഷേപത്തിനായി നിങ്ങൾ സമീപിക്കുന്ന ആൾക്ക് ബിസിനസിനെ കുറിച്ച് ഭേദപ്പെട്ട അറിവുണ്ടെന്ന് ഉറപ്പ് വരുത്തുക. അല്ലാത്തപക്ഷം അവരുടെ പ്രതീക്ഷകളും ബിസിനസിലുണ്ടാകാനിടയുള്ള കയറ്റിറക്കങ്ങളും തമ്മിൽ വലിയ അന്തരം ഉണ്ടാകാനിടയുണ്ട്. അത് ബിസിനസുകാരന്റെ ശ്രദ്ധ അനാവശ്യമായി വ്യതിചലിക്കാൻ കാരണമാകും.

2. ഒരു നിശ്ചിത കാലയളവിനുള്ളിൽ സംഖ്യ തിരിച്ചുനല്കും എന്ന ഉറപ്പ് നല്കാതിരിക്കുക. കാരണം, കമ്പനികൾക്ക് തങ്ങളുടെ മൂലധനം തിരികെ നല്കുന്നതിന് കർശനമായ നിയമ വ്യവസ്ഥകളും നിയന്ത്രണങ്ങളും ഇപ്പോൾ നിലവിലുണ്ട്. ആയതിനാൽ കമ്പനിയിൽനിന്നും മൂലധനം തിരികെ നല്കാം എന്ന പ്രതീക്ഷയിൽ ഒരു കാലയളവ് പറയുന്നത് അബദ്ധമാകാം. എങ്കിലും സംരംഭകന്റെ കൈവശം അവശ്യം ധനമുണ്ടെങ്കിൽ ഓഹരി തങ്ങൾക്ക് നിക്ഷേപകന്റെ കൈയിൽനിന്നും തിരിച്ചുവാങ്ങാവുന്നതാണ്.

3). ഓഹരി നിക്ഷേപവും ഡെപ്പോസിറ്റും തമ്മിൽ നിക്ഷേപകന്റെ മനസിൽ തെറ്റിദ്ധാരണ ഇല്ല എന്ന് ഉറപ്പുവരുത്തുക. ചെറുകിട സ്ഥാപനങ്ങൾ ഓഹരി വിറ്റ് മൂലധനം സമാഹരിക്കുമ്പോൾ പലപ്പോഴും ഇത്തരം അപകടകരമായി മാർക്കറ്റിംഗ് രീതികൾ അവലംബിക്കുന്നതായും കാലാന്തരത്തിൽ നിക്ഷേപകരും കമ്പനിയുടെ മാനേജ്മെന്റും തമ്മിൽ തർക്കങ്ങൾ ഉടലെടുക്കുന്നതും സാധാരണമാണ്. ഷെയറിന് കമ്പനിയിൽ നിന്നും കൃത്യമായ ഇടവേളകളിൽ, പലിശയിനത്തിലോ മറ്റോ വിതരണം ചെയ്യുക എന്നത് പ്രായോഗികമല്ല. ഓഹരിക്ക് ലാഭവിഹിതമാണ് നല്കാൻ കഴിയുന്നത്. അതുകൊണ്ട് തന്നെ മാസംതോറും അല്ലെങ്കിൽ വർഷംതോറും ഇത്ര ശതമാനം ലാഭവിഹിതം നല്കാം എന്ന വാഗ്ദാനത്തിൻമേൽ മൂലധനം സമാഹരിക്കുന്നത് വലിയ അബദ്ധ

**ഓഹരി നിക്ഷേപം ഒരു ചൂതാട്ടംപോലെ തന്നെ അപകടമാണ്. ഓഹരി നിക്ഷേപത്തെ റിസ്ക് ക്യാപിറ്റൽ എന്നാണ് പൊതുവെ അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ നിക്ഷേപകന്റെ പ്രതീക്ഷയും അതുപോലെ വലുതായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല.**

മാകും എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. മൂലധനത്തിന് ലാഭവിഹിതമാണ് നല്കേണ്ടത്. അത് നിക്ഷേപകൻ പ്രതീക്ഷിക്കുന്നത് സാധാരണമാണ്. എങ്കിലും ബിസിനസ് ന്യായമായ വളർച്ച കൈവരിക്കുന്നതിന് മുമ്പ് ലഭ്യമായ ലാഭം ഓഹരി ഉടമകൾക്കിടയിൽ വിതരണം ചെയ്യുന്നത് പ്രസ്ഥാനത്തിന്റെ മുമ്പോട്ടുള്ള വളർച്ചയേയും വികസനത്തേയും പ്രതികൂലമായി ബാധിക്കാം.

ഇങ്ങനെ പറയുമ്പോൾ തന്നെയും ബിസിനസുകാർ മനസിൽ സൂക്ഷിക്കേണ്ടത് എന്തെന്നാൽ മൂലധന നിക്ഷേപം നടത്തുന്നവർ തങ്ങളുടെ നിക്ഷേപത്തിന് കാലാനുസൃതമായ വളർച്ചയും വർഷാവർഷം ലാഭവിഹിതവും പ്രതീക്ഷിക്കുന്നുണ്ട് എന്ന വസ്തുതയാണ്. ഓഹരി നിക്ഷേപം ഒരു ചൂതാട്ടംപോലെ തന്നെ അപകടമാണ്. ഓഹരി നിക്ഷേപത്തെ റിസ്ക് ക്യാപിറ്റൽ എന്നാണ് പൊതുവെ അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ നിക്ഷേപകന്റെ പ്രതീക്ഷയും അതുപോലെ വലുതായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല. സാധാരണ ഗതിയിൽ ഗവൺമെന്റിന്റെ സെക്യൂരിറ്റികളിലോ ബാങ്കുകളിലെ നിക്ഷേപങ്ങളും സുരക്ഷിതമായ നിക്ഷേപങ്ങളാണ്. എന്നാൽ അവിടെ നിക്ഷേപത്തിൻമേലുള്ള ആദായം നിജപ്പെടുത്തിയതും തുലോം കുറവുമാണ്. ഇത്തരം നിക്ഷേപങ്ങൾക്ക് മാസംതോറും മുൻകൂട്ടി നിശ്ചയിച്ച നിരക്കിൽ പലിശ ലഭിക്കുമെങ്കിലും നിക്ഷേപസംഖ്യ വർധിക്കുന്നില്ല. സാധാരണഗതിയിൽ ഇത്തരം നിക്ഷേപങ്ങൾക്ക് ശരാശരി 5% മുതൽ 9% വരെ ആദായമാണ് ലഭിക്കുന്നത്. കൂടാതെ നിക്ഷേപകാലം അവസാനിക്കുമ്പോൾ നിക്ഷേപിച്ച സംഖ്യ ഒന്നും നഷ്ടപ്പെടാതെ തിരിച്ചുലഭിക്കുന്നു എന്നത് വലിയകാര്യംതന്നെ.

എന്നാൽ ഓഹരിനിക്ഷേപം നടത്തുന്ന ആൾക്ക് തന്റെ നിക്ഷേപം തിരിച്ചുലഭിക്കും എന്ന കാര്യത്തിൽ ഒരു ഉറപ്പും ലഭിക്കുന്നില്ല. നിക്ഷേപിച്ച പ്രസ്ഥാനം ലാഭകരമായി പ്രവർത്തിക്കുകയും വികാസം പ്രാപിക്കുകയും ചെയ്താൽ മാത്രമേ തന്റെ നിക്ഷേപം സുരക്ഷിതമായിരിക്കുകയും കാലാനുസൃതമായി വളരുകയുമുള്ളൂ. ഓഹരിനിക്ഷേപം നടത്തുന്നവർ പൊതുവേ തന്റെ നിക്ഷേപം ചുരുങ്ങിയ കാലംകൊണ്ട് എത്രയെങ്കിലും ഇരട്ടിയാകണം എന്ന് പ്രതീക്ഷിക്കുന്നവരും മാത്രമല്ല വർഷംതോറും കുറഞ്ഞത് 20% ലാഭവിഹിതവും പ്രതീക്ഷിക്കുന്നതിൽ അദ്ഭുതപ്പെടാനില്ല. ഓഹരി നിക്ഷേപകരുടെ ഈ പ്രതീക്ഷക്കും ബിസിനസിന്റെ യഥാർത്ഥ അവസ്ഥയും തമ്മിലുള്ള അന്തരം ബിസിനസ് നടത്തുന്ന ആൾക്ക് നല്കുന്ന മാനസികസംഘർഷം നമുക്ക് ആലോചിക്കാവുന്നതേ ഉള്ളൂ.

അതുകൊണ്ടുതന്നെ ബിസിനസിന്റെ വളർച്ചക്കായി മൂലധന സമാഹരണം നടത്തുമ്പോൾ നാം സമീപിക്കുന്നത് ശരിയായ നിക്ഷേപകനെയാണെന്നും അദ്ദേഹത്തിന് ദീർഘകാലം നിക്ഷേപകനായി തുടരാൻ താത്പര്യമുണ്ടെന്നും തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്.

അതുപോലെ തന്നെ തന്നോടൊപ്പം ബിസിനസിൽ നിക്ഷേപിച്ചവരുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുകയും അത് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ട ബാധ്യതയും ഒരു നല്ല ബിസിനസുകാരനുണ്ട്. അവരും തന്റെ സ്ഥാപനത്തിലെ പങ്കാളികളാണെന്നും അവർക്ക് നിയമപരമായ അധികാരങ്ങളും അവകാശങ്ങളും ഉണ്ടെന്ന തിരിച്ചറിവും അതിലുപരി തന്നിൽ വിശ്വസിച്ചവരുടെ വിശ്വാസം കാത്തുരക്ഷിക്കുക എന്ന മാന്യതയും നീതിബോധവും ഒരു ശരിയായ ബിസിനസുകാരന്റെ വളർച്ചക്ക് അത്യാവശ്യമാണ്.



**കേരളത്തിൽ 500 പേർക്ക് ഒരു ഡോക്ടർ എന്നാണ് കണക്ക്. ഇത് ചത്തീസ്ഗഡിൽ 8000 പേർക്ക് ഒരു ഡോക്ടർ ചൈനയിൽ 200 പേർക്ക് ഒരു ഡോക്ടർ. ആരോഗ്യ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ക്യൂബയിൽ 150 പേർക്ക് 1 ഡോക്ടർ എന്നാണ് കണക്ക്. ഏകദേശം 3000 ഡോക്ടർമാർ പഠിച്ചിറങ്ങുന്നത് കേരളത്തിലെ ആരോഗ്യ രംഗത്തെ സംബന്ധിച്ചിടത്തോളം നല്ലതാണ്.**

# ഡോക്ടർമാരുടെ കാര്യത്തിൽ കേരളത്തിന് വേണം ഒന്നാം സ്ഥാനം



ദേവൻ നായർ
Director, Sonnet Creations Pvt Ltd.
Thrissur

**ഈ** അടുത്ത് മാതൃഭൂമിയിൽ വന്ന വാർത്തയാണ്, ഡോക്ടർമാരുടെ എണ്ണം വർദ്ധിക്കുന്നത് സംസ്ഥാനത്തെ ആരോഗ്യ മേഖലയെ തകർക്കുമത്രേ. എത്ര ആലോചിചിട്ടും ഇതിന്റെ ഗുട്ടൻസ് പിടികിട്ടുന്നില്ല. സാധാരണ നിലക്ക് മുതലാളിത്ത വ്യവസ്ഥിതിയിൽ ഒരേ ഉത്പന്നം വ്യത്യസ്ത കമ്പനികൾ ഇറക്കുമ്പോൾ ഉപഭോക്താവിന് മികച്ചത് ലഭിക്കും. ഇത് സേവനമായാലും ഉത്പന്നമായാലും. ഡോക്ടർമാരുടെ എണ്ണം കൂടുമ്പോൾ അതിൽ നല്ല ഡോക്ടറെ തിരഞ്ഞെടുക്കാൻ രോഗിക്ക് അവസരം കിട്ടുന്നു. ഡോക്ടർ കാശ് കൊടുത്തു പഠിച്ചവനാണോ അതല്ലമെറിറ്റ് സീറ്റിൽ പഠിച്ചവനാണോ എന്ന് രോഗിക്ക് ചോദിക്കാം. പ്രിസ്ക്രിപ്ഷൻ എഴുതുന്നത് കാക്കിരി പൂക്കിരി ആണോ അതോ മനുഷ്യനു മനസ്സിലാകുന്ന കൈയ്യക്ഷരത്തിലാണോ എന്നും ചോദിക്കാം. മാത്രവുമല്ല വേണമെങ്കിൽ ഫീസിന്റെ കാര്യത്തിൽ ബാർഗെയിൻ ചെയ്യാം.

കേരളത്തിൽ 500 പേർക്ക് ഒരു ഡോക്ടർ എന്നാണ് കണക്ക്. ഇത് ചത്തീസ്ഗഡിൽ 8000 പേർക്ക് ഒരു ഡോക്ടർ ചൈനയിൽ 200 പേർക്ക് ഒരു ഡോക്ടർ. ആരോഗ്യ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ക്യൂബയിൽ 150 പേർക്ക് 1 ഡോക്ടർ എന്നാണ് കണക്ക്. ഏകദേശം 3000 ഡോക്ടർമാർ പഠിച്ചിറങ്ങുന്നത് കേരളത്തിലെ ആരോഗ്യ രംഗത്തെ സംബന്ധിച്ചിടത്തോളം നല്ലതാണ്. മാതൃഭൂമി ലേഖനത്തിൽ മറ്റൊരു കാര്യം കൂടി പറയുന്നു. ഡോക്ടർമാരുടെ എണ്ണം വർദ്ധിക്കുന്നത് സാമ്പത്തിക മാന്ദ്യം തീർക്കാൻ റിസർവ് ബാങ്ക് നോട്ട് അടിക്കുന്നത് പോലെയാണത്രെ. ഇത് ലേഖകൻ കൈയ്യിൽ നിന്നിട്ടതാണോ ഡോക്ടർമാർ പറഞ്ഞതാണോ എന്ന് അറിയില്ല. സത്യത്തിൽ ഡോക്ടർമാരെ തട്ടിമുട്ടി വഴിനടക്കാൻ പറ്റാതെയാവുമ്പോൾ ഇപ്പോഴത്തെ എഞ്ചിനീയർമാരെ പോലെ ഡോക്ടർമാർ യൂബർ ഈറ്റ്

സും കൊറിയർ സർവ്വീസിലും ജോലി തേടി പോകേണ്ടി വരുമോ എന്ന ആശങ്കയാകും ഇവർക്ക്. പക്ഷെ സ്കിൽ ഉള്ളവന്റെ അടുത്തേക്ക് ആളുകൾ ഓടിച്ചെല്ലും. അത് ഡോക്ടറായാലും എഞ്ചിനീയർ ആയാലും. മെട്രോമാൻ ശ്രീധരന്റെ അപ്പോയിൻമെന്റ് കിട്ടാൻ പല കൺസൾട്ടൻസികളും കാത്തു കെട്ടികിടക്കുകയാണ്. അതുപോലെ ഡോ. വി.പി ഗംഗാധരൻ (പ്രശസ്ത ഓങ്കോളജിസ്റ്റ്) ഇരിങ്ങാലക്കുട അങ്ങാടിയിലൂടെ നടക്കുമ്പോൾ ബഹുമാനം കൊണ്ടും സ്നേഹം കൊണ്ടും ആളുകൾ എഴുന്നേറ്റ് നിൽക്കും.

സത്യത്തിൽ ഐ.എം.എ ചെയ്യേണ്ടത് പഞ്ചായത്ത് മെമ്പർ തൊട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വരെയുള്ളവരും ക്ലാസ് ഫോർ ജീവനക്കാരൻ തൊട്ട് ചീഫ് സെക്രട്ടറി വരെയുള്ളവരും ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ചികിത്സിച്ചാൽ മാത്രമേ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ലഭിക്കൂ എന്നൊരു മെമ്മോറാണ്ടം ആരോഗ്യ വകുപ്പിന് കൊടുക്കുക. വേണമെങ്കിൽ ഇക്കാര്യത്തിൽ ഒരു സമരം പോലും ആലോചിക്കാവുന്നതാണ്. കാരണം ജനം ഒപ്പം നിൽക്കും. ആലോചിച്ചു നോക്കുക നമ്മുടെ മുഖ്യമന്ത്രി പിണറായി വിജയൻ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ചികിത്സ തേടി വന്നു എന്നു വയ്ക്കുക. ആശുപത്രിയും പരിസരവും വൃത്തിയും വെടിപ്പും ഉള്ളതാകും. ഇതിന്റെ ഗുണം പിന്നീട് സാധാരണരോഗികൾക്ക് ലഭിക്കും. അപ്പോൾ ഡോക്ടർമാർക്ക് പണിയില്ലാതെയിരിക്കുന്ന പ്രശ്നമില്ല. പ്രൈവറ്റ് ഹോസ്പിറ്റലിലെ ഡോക്ടർമാർ രാജിവച്ച് സർക്കാർ ആശുപത്രിയിലേക്ക് വരും. പക്ഷെ അതിന് ഡോക്ടർമാർക്ക് സാമൂഹിക ബോധം വേണം.



ആൺ ഡോക്ടർമാർ പെൺഡോക്ടർമാരെ വിവാഹം കഴിച്ച് അതിലുണ്ടായ കുട്ടികൾ വീണ്ടും ഡോക്ടർമാരായി മാറുന്ന ഈ പുതിയ ജാതി വ്യവസ്ഥ ഇല്ലാതാകണം. ഈ വ്യവസ്ഥയിൽ ഡോക്ടർമാർ സാമൂഹികമായി ഒറ്റപ്പെടുന്നു. ഇതില്ലാതാക്കാൻ ഹിപ്പോക്രാറ്റിന്റെ പ്രതിജ്ഞ ഇടയ്ക്ക് ഇടയ്ക്ക് പുതുക്കണം. മത്സരം കടുകട്ടിയാകുന്ന ഇപ്പോഴത്തെ അവസ്ഥയിൽ ഒന്നിനും കുത്തക അവകാശപ്പെടാൻ കഴിയില്ല. ബാറുകളുടെ എണ്ണം കൂടുന്നത് തങ്ങൾക്ക് ദോഷകരമാണെന്ന് ബുദ്ധിയുള്ള ഒരു ബാർ ഉടമയും പറയില്ല. പകരം വില കുറച്ചു മദ്യം നൽകിയും നല്ല ടച്ചിംഗ്സ് കൊടുത്തും കസ്റ്റമറെ പിടിക്കും. ഇതാണ് ലോക നീതി.

**സത്യത്തിൽ ഐ.എം.എ ചെയ്യേണ്ടത് പഞ്ചായത്ത് മെമ്പർ തൊട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വരെയുള്ളവരും ക്ലാസ് ഫോർ ജീവനക്കാരൻ തൊട്ട് ചീഫ് സെക്രട്ടറി വരെയുള്ളവരും ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ചികിത്സിച്ചാൽ മാത്രമേ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ലഭിക്കൂ എന്നൊരു മെമ്മോറാണ്ടം ആരോഗ്യ വകുപ്പിന് കൊടുക്കുക.**

ആ നിലയ്ക്ക് ഡോക്ടർമാരുടെ എണ്ണം വർദ്ധിക്കുന്നത് രോഗികൾക്ക് ഗുണകരമാവുകയാണ് ചെയ്യുന്നത്. കാരണം പത്ത് രോഗികൾ വരുമ്പോൾ അതിൽ 2 പേർക്ക് മാത്രമേ വിദഗ്ദ ചികിത്സ വേണ്ടി വരുന്നുള്ളൂ. ബാക്കി 8 പേർക്കും സാധാരണ ചികിത്സ ധാരാളം മതി. ഇക്കണോമിക്സിൽ നോബൽ സമ്മാനം നേടിയ മിൽട്ടൺ ഫ്രീഡ്മാന്റെ അഭിപ്രായപ്രകാരം ഡോക്ടർമാർക്ക് വരുമാനം വർദ്ധിച്ചാൽ ആ തൊഴിലിലേക്ക് കൂടുതൽ ആളുകൾ പ്രവേശിക്കുന്നത് തടയാനാണത്രേ പിന്നെ അവർ ശ്രമിക്കുക. ഇത് നമ്മൾ അനുവദിക്കരുത് ആർക്കറിയാം വീട്ടിൽ വന്ന ടിവിയും ഗ്യാസ് സ്റ്റൗവും നന്നാക്കി തരാമെന്ന് പറയുന്നതു പോലെ വീട്ടിൽ വന്ന് ചികിത്സിക്കുന്ന ഡോക്ടർമാരുടെ കാലം വന്നേക്കാം. അമേരിക്കയിലൊക്കെ ഓൺലൈനിലൂടെ ചികിത്സ എപ്പോഴെ തുടങ്ങിക്കഴിഞ്ഞു. ചൈനയിൽ ഡോക്ടറും പ്ളംബറും കൃഷിക്കാരനും ടീച്ചറും ഒരേ സ്റ്റാറ്റസ്കോ പിൻതുടരുന്നു. നമ്മൾ മലയാളികൾക്കും ഇതൊക്കെ തന്നെയല്ലെ വേണ്ടത്.



# എന്താണ് ഇ–വേ ബിൽ?

## തീർച്ചയായും അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ



**Antony Varghese**
Antony & Associates
Regency Centre
Calvary Road,West fort
Thrissur.
Ph 0487 2386552

ചരക്ക് സേവന നികുതിയിലെ (ജിഎസ്ടി) സുപ്രധാന ചുവടു വയ്പ്പാണ് ഇ-വേ ബിൽ. രാജ്യത്ത് 2018 ഫെബ്രുവരി മുതൽ ഇ-വേ ബിൽ നടപ്പിലാക്കുകയും ചെയ്തു. എന്നാൽ എന്താണ് ഇ-വേ ബിൽ എന്നത് ഇപ്പോഴും പലർക്കും അറിയില്ല. ഇ-വേ ബില്ലിനെക്കുറിച്ച് നിങ്ങൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്.

### എന്താണ് ഇ–വേ ബിൽ

ജിഎസ്ടി നിയമ പ്രകാരം 50,000 രൂപയിൽ കൂടുതൽ വിലയുള്ള സാധനങ്ങൾ ഒരിടത്തു നിന്ന് മറ്റൊരിടത്തേയ്ക്ക് കൊണ്ടു പോകേണ്ടി വരുമ്പോൾ ഉപയോഗിക്കേണ്ട യാത്രാ രേഖയാണ് ഇ-വേ ബിൽ. ചരക്ക് കൊണ്ടു പോകുന്ന വാഹനത്തിന്റെ വിവരങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി ഇന്റർനെറ്റ് ഉപയോഗിച്ച് നിങ്ങൾക്ക് തന്നെ ഇ-വേ ബിൽ തയ്യാറാക്കാവുന്നതാണ്. ഇത് വാഹനത്തിൽ സൂക്ഷിക്കണം.

### ഇ–വേ ബിൽ ആർക്കൊക്കെ ഉണ്ടാക്കാം

*സപ്ലയർ
*സ്വീകർത്താവ്
*ട്രാൻസ്പോർട്ടർ

### ഇ–വേ ബിൽ ഉണ്ടാക്കുന്നതെങ്ങനെ

ചരക്ക് നീക്കവുമായി ബന്ധപ്പെട്ട വിവരങ്ങൾ https://ewaybill.nic.in എന്ന വെബ്സൈറ്റിലോ അല്ലെങ്കിൽ https://ewaybillgst.gov.in എന്ന വെബ്സൈറ്റിലോ അപ്ലോഡ് ചെയ്യുക. ഈ വിവരങ്ങൾ അനുസരിച്ച് ജിഎസ്ടി സെർവർ നിങ്ങൾക്ക് ഒരു 12 അക്ക യുണീക്ക് നമ്പറും (ഇബിഎൻ) ക്യൂ ആർ കോഡും രേഖപ്പെടുത്തിയിട്ടുള്ള വേ-ബിൽ നൽകും.

ഈ രേഖയാണ് ആ വാഹനത്തിന്റെ യാത്രയ്ക്കുള്ള അംഗീകൃത രേഖ.

> യന്ത്ര സഹായമില്ലാത്ത വാഹനത്തിൽ ചരക്കു ഗതാഗതം നടത്തുമ്പോൾ ഇ–വേ ബിൽ ആവശ്യമില്ല. കൂടാതെ പോർട്ടുകളിൽ നിന്നും മറ്റും സാധനങ്ങൾ കസ്റ്റംസ് ക്ലിയറൻസിനായി കൊണ്ടു പോകുമ്പോഴും ഇ–വേ ബിൽ വേണ്ട.

## ഇന്ത്യയിലെവിടെയും ഉപയോഗിക്കാം

ഓൺലൈനിൽ നിന്ന് ലഭിക്കുന്ന ഈ രേഖ ഉപയോഗിച്ച് ഇന്ത്യയിലെവിടെയും ചരക്കുമായി യാത്ര ചെയ്യാവുന്നതാണ്. തങ്ങൾക്ക് ആവശ്യമായ ഇ-വേ ബില്ലുകൾ അതത് സമയത്ത് ആവശ്യക്കാർക്ക് തയ്യാറാക്കുകയും ചെയ്യാം.

## ഇ–വേ ബില്ലിന്റെ ഭാഗങ്ങൾ

ഇ–വേ ബില്ലിന് പ്രധാനമായും രണ്ട് ഭാഗങ്ങളാണുള്ളത്. പാർട്ട് എയും പാർട്ട് ബിയും. അവ എന്തൊക്കെയാണെന്ന് നോക്കാം

## പാർട്ട് എയിൽ നൽകേണ്ട വിവരങ്ങൾ

* **സ്വീകർത്താവിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ**
* **സാധന സാമഗ്രികൾ എത്തിക്കേണ്ട സ്ഥലം**
* **ഇൻവോയ്സ് നമ്പർ**
* **ഇൻവോയ്സ് തീയതി**
* **വില വിവരങ്ങൾ എച്ച്.എസ്.എൻ കോഡ്**
* **ഗതാഗത ഉപാധി വിവരങ്ങൾ**

## പാർട്ട് ബി

വാഹനത്തെ സംബന്ധിച്ച വിവരങ്ങളാണ് പാർട്ട് ബിയിൽ ഉൾപ്പെടുത്തേണ്ടത്. വാഹനത്തിന്റെ രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇവിടെ ചേർക്കണം.

## ഒരു ബില്ലിന്റെ കാലാവധി

100 കിലോ മീറ്ററിൽ താഴെ യാത്ര ചെയ്യേണ്ടുന്നവയുടെ ഇ–വേ ബിൽ കാലാവധി ഒരു ദിവസമാണ്. ബിൽ ഉണ്ടാക്കിയ സമയം മുതൽ 24 മണിക്കൂറാണ് കണക്കാക്കുക. ഏതെങ്കിലും കാരണവശാൽ ചരക്കു നീക്കം താമസിച്ചാൽ പുതിയ ഇ–വേ ബിൽ ഉണ്ടാക്കേണ്ടതാണ്.

## ഇ–വേ ബിൽ കാൻസൽ ചെയ്യാം

ഉദ്ദേശിച്ച ചരക്കു ഗതാഗതം നടക്കാത വന്നാൽ ഇ–വേ ബിൽ തയ്യാറാക്കി 24 മണിക്കൂറിനുള്ളിൽ കാൻസൽ ചെയ്യാൻ ഓപ്ഷനുണ്ട്. എന്നാൽ കാൻസൽ ചെയ്യുന്നതിന് കാരണം കാണിച്ചിരിക്കണം എന്നു മാത്രം. ഒരിയ്ക്കൽ കാൻസൽ ചെയ്ത ബിൽ പിന്നീട് ഉപയോഗിക്കാൻ പാടില്ല.




## ഇ–വേ ബിൽ ആവശ്യമില്ലാത്തത് ആർക്കൊക്കെ

യന്ത്ര സഹായമില്ലാത്ത വാഹനത്തിൽ ചരക്കു ഗതാഗതം നടത്തുമ്പോൾ ഇ–വേ ബിൽ ആവശ്യമില്ല. കൂടാതെ പോർട്ടുകളിൽ നിന്നും മറ്റും സാധനങ്ങൾ കസ്റ്റംസ് ക്ലിയറൻസിനായി കൊണ്ടു പോകുമ്പോഴും ഇ–വേ ബിൽ വേണ്ട.




# വിദ്യാഭ്യാസ രംഗത്ത് വ്യത്യസ്തത പുലർത്തി
# ഹോളി ഗ്രേസ്

ഉന്നതമായ ജീവിതമൂല്യങ്ങളിൽ അധിഷ്ഠിതവും നൈപുണ്യ വികസനത്തിന് പ്രാമുഖ്യം നൽകുന്നതുമായ വിദ്യാഭ്യാസ സംസ്കാരം വളർത്തിയെടുക്കുന്നതിനായി 1999 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് ഹോളി ഗ്രേസ് ഫൗണ്ടേഷൻ. ഈ സ്ഥാപനത്തിന്റെ കീഴിൽ ഹോളി ഗ്രേസ് അക്കാദമി സി.ബി.എസ്.ഇ സ്കൂൾ, ഹോളിഗ്രേസ് അക്കാദമി ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, ഹോളി ഗ്രേസ് അക്കാദമി ഓഫ് എഞ്ചിനീയറിംഗ്, ഹോളി ഗ്രേസ് അക്കാദമി ഓഫ് ആർട്സ് & സയൻസ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

തൃശൂർ ജില്ലയുടെയും എറണാകുളം ജില്ലയുടെയും അതിർത്തിയിലുള്ള മാളയിലെ പ്രശാന്തസുന്ദരമായ ഗ്രാമാന്തരീക്ഷത്തിലാണ് ഈ സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസത്തിന്റെ മാതൃകാപരമായ ഹബ്ബായി സ്ഥിതിചെയ്യുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള ഈ സ്ഥാപനങ്ങളിലെ ക്ലാസ് മുറികൾ എയർ കണ്ടീഷൻ ചെയ്തവയും വൈഫൈ അടക്കമുള്ള സംവിധാനങ്ങളോടുകൂടിയവയും ആണ്. വ്യത്യസ്തമായ ക്യാമ്പസുകളിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനങ്ങൾ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിൽ ലോകനിലവാരം ലക്ഷ്യം വെച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഓരോ സ്ഥാപനങ്ങൾക്കും വ്യത്യസ്തമായ ഹോസ്റ്റൽ സൗകര്യവും വാഹനസൗകര്യവും ലഭ്യമാണ്.

## ഹോളിഗ്രേസ് അക്കാദമി ഓഫ് എഞ്ചിനീയറിംഗ്

നൂറു ശതമാനം വിജയവും പ്ലെയ്സ്മെന്റും ഉറപ്പുവരുത്തുന്ന രീതിയിൽ എഐസിടിഇയുടെ ഉന്നതമായ മാനദണ്ഡങ്ങൾക്കും കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ നിബന്ധനകൾക്കും അനുസരിച്ചാണ് എഞ്ചിനീയറിംഗ് കോളജ് പ്രവർത്തിക്കുന്നത്. സിവിൽ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്യൂണിക്കേഷൻസ്, ഇലക്ട്രിക്കൽ &

ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലേക്കാണ് പഠനവും പരിശീലനവും നൽകുന്നത്. അന്താരാഷ്ട്ര കോൺഫറൻസുകൾ, പ്രൊജക്ടുകൾ, എഞ്ചിനീയറിംഗ് രംഗത്തെ പ്രഗത്ഭ സ്ഥാപനങ്ങളുമായുള്ള അക്കാദമിക ബന്ധം മൾട്ടി മീഡിയ സംവിധാനങ്ങളുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനികമായ ലാബ് സൗകര്യം, നൈപുണ്യ വികസനത്തിനായുള്ള പരിശീലനം എന്നിവ എഞ്ചിനീയറിംഗ് കോളജിന്റെ പ്രത്യേകത ആണ്. വിദേശരാജ്യങ്ങളിൽ നിന്നുള്ള കുട്ടികൾ എഞ്ചിനീയറിംഗ് പ്രവേശനം തേടിവരുന്നു എന്നത് ഈ സ്ഥാപനത്തിന്റെ ഗുണമേന്മ തെളിയിക്കുന്നു.



കേന്ദ്രസർക്കാർ സ്ഥാപനമായ മിനറൽസ് & മെറ്റൽസ് ട്രെയിനിംഗ് കോർപറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് മാനേജരായിരുന്ന ശ്രീ. സാനി എടാട്ടുകാരനാണ് ചെയർമാൻ. എച്ച്എംടി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിരവധി വർഷത്തെ പ്രവർത്തന പരിചയവും അനുഭവജ്ഞാനവുമുള്ള മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡോക്ടറേറ്റുള്ള ഡോ. ശ്രീകുമാറാണ് പ്രിൻസിപ്പൽ.

## ഹോളിഗ്രേസ് അക്കാദമി – സിബിഎസ്ഇ റെസിഡൻഷ്യൽ സ്കൂൾ

പ്രീ സ്കൂളിംഗ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാഭ്യാസം നൽകുന്ന 3500ൽ അധികം വിദ്യാർഥികൾ പഠിക്കുന്ന 1999 മുതൽ അന്താരാഷ്ട്ര വിദ്യാഭ്യാസ നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഹോളിഗ്രേസ് അക്കാദമി. ഇന്ത്യയിലെയും വിദേശത്തെയും ഉന്നതമായ പല സ്ഥാനങ്ങളും അലങ്കരിക്കുന്നത് ഹോളിഗ്രേസിലെ പൂർവ വിദ്യാർഥികളാണ്. വിദ്യാർഥികളുടെ കായികക്ഷമതയും, ബൗദ്ധിക നിലവാരവും വർധിപ്പിച്ചു ഏറ്റവും മൂല്യബോധമുള്ള ഉത്തമ പൗരന്മാരായി വളർത്തിക്കൊണ്ട് വരുന്നതിനു ഉതകുന്ന രീതിയിലാണ് ഹോളിഗ്രേസിലെ വിദ്യാഭ്യാസം. കുതിരസവാരി, റോളർ സ്കേറ്റിംഗ്, അഡ്വഞ്ചർ പാർക്ക്, സ്വിമ്മിംഗ് എന്നീ ഇനങ്ങൾ സ്പോർട്സ് രംഗത്ത് മറ്റു സ്ഥാപനങ്ങൾക്ക് ഇല്ലാത്ത പ്രത്യേകതയാണ്. സിബിഎസ്ഇയുടെ അഫിലിയേഷനോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ സെന്റർ കൂടിയാണ്. മെഡിക്കൽ, എഞ്ചിനീയറിംഗ്, ഐഎഎസ് അടക്കമുള്ള സിവിൽ സർവീസ് തുടങ്ങിയ ഉന്നത പരീക്ഷകൾക്കുള്ള പരിശീലനവും ഇവിടെ നൽകുന്നു. വിദ്യാർഥികൾക്ക് ഓരോ വിഷയത്തിലും പ്രത്യേക പരിജ്ഞാനം നൽകുന്നതിനായി സെമിനാറുകളും ഡിബേറ്റുകളും സംഘടിപ്പിക്കാറുണ്ട്.

വ്യക്തിത്വ വികസന പരിപാടികളും ഇംഗ്ലീഷ് സംസാരശേഷി വർധിപ്പിക്കാനുള്ള കർമ പദ്ധതികളും നടപ്പാക്കുന്നു. ശ്രീ. ജോസ് കണ്ണമ്പിള്ളി ചെയർമാനായ സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ ശ്രീ. ജോസ് ജോസഫ് ആലുങ്കൽ ആണ്. ബയോ മാത്സ്, ബയോ ഫാഷൻ, ബയോ കമ്പ്യൂട്ടർ, മാത്സ് കമ്പ്യൂട്ടർ എന്നീ വിഷയങ്ങളാണ് പ്ലസ് ടുവിന് നൽകുന്നത്. പഠന വൈകല്യത്തെ കുറിച്ച് ഗവേഷണം നടത്തുന്നതിന് ഹോളിഗ്രേസ് റിസർച്ച് സെന്റർ ഫോർ ട്രെയിനിംഗ് ഡിസബിലിറ്റി പ്രവർത്തിച്ചുവരുന്നു.

## ഹോളിഗ്രേസ് അക്കാദമി ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനത്തുള്ള ഹോളിഗ്രേസ് മാനേജ്മെന്റ് അക്കാദമി, മാനേജ്മെന്റ് വിഷയങ്ങളുടെ പഠനത്തിനും ഗവേഷണത്തിനും മാത്രമായുള്ള സ്ഥാപനമാണ്. ഉന്നതമായ വിദ്യാഭ്യാസ-നൈപുണ്യ നിലവാരത്തിനൊപ്പം ജീവിതത്തിലെ സന്നിഗ്ധ ഘട്ടങ്ങളിൽ വ്യക്തമായ തീരുമാനമെടുക്കുവാനുള്ള കഴിവും വിദ്യാർഥികൾക്ക് ഈ സ്ഥാപനം നൽകുന്നു. 2005 മുതൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ മാർക്കറ്റിംഗ്, ഫിനാൻസ്, ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്, ഇന്റർനാഷണൽ ബിസിനസ്, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, സിസ്റ്റംസ് എന്നീ ഐച്ഛികവിഷയങ്ങളിലാണ് പഠനവും പരിശീലനവും നൽകുന്നത്. ഇംഗ്ലീഷ്, ഫ്രഞ്ച്, അറബിക് എന്നീ ഭാഷകളിലുള്ള സ്വാധീനം, ഗ്രൂപ്പ് ഡിസ്കഷൻ, വ്യക്തിത്വവികസനം, പ്രസംഗപാടവം എന്നീ രംഗത്തുള്ള പരിശീലനം, മലേഷ്യ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലേക്കുള്ള പഠനയാത്ര, SAP & ERP പരിശീല

നം എന്നിവ ഈ സ്ഥാപനത്തിന്റെ മാത്രം പ്രത്യേകതയാണ്. ലോക വ്യാപാര രംഗത്തുള്ള മാറ്റങ്ങളെക്കുറിച്ചു വാരാന്ത്യത്തിലുള്ള വിശദമായ അവലോകനം വിദ്യാർഥികളുടെ അറിവ് വർധിപ്പിക്കുന്നതിനു വേണ്ടി പ്രത്യേകം ചിട്ടപ്പെടുത്തിയ പദ്ധതിയാണ്. Biz incubator മത്സരങ്ങളും, മാനേജ്മെന്റ് വൈദഗ്ധ്യം വർധിപ്പിക്കുന്നതിനുള്ള 'Legado' പ്രോഗ്രാമും വിദ്യാർഥികൾക്ക് ഒരു പുതിയ ദിശാബോധം നൽകുന്നു. ഇന്ത്യയ്ക്കും പുറത്തുമുള്ള വൻകിട ബിസിനസ് സ്ഥാപനങ്ങളിൽ ഹോളിഗ്രേസിലെ നിരവധി പൂർവ വിദ്യാർഥികൾ മാനേജ്മെന്റ് രംഗത്ത് ഉന്നതസ്ഥാനം വഹിക്കുന്നു. മാനേജ്മെന്റ് രംഗത്തെ പ്രഗത്ഭനായ ഡോ. ജോജി ചന്ദ്രൻ ഈ സ്ഥാപനത്തിന്റെ ഡയറക്ടറും നിരവധി വർഷത്തെ ബിസിനസ് പ്രവർത്തനപരിചയമുള്ള ശ്രീ. വക്കച്ചൻ താക്കോൽക്കാരൻ ചെയർമാനും ആണ്.



## ഹോളിഗ്രേസ് അക്കാദമി ഓഫ് ഹോട്ടൽ മാനേജ്മെന്റ്

ഹോളിഗ്രേസ് അക്കാദമി ഓഫ് ഹോട്ടൽ മാനേജ്മെന്റിൽ വിദേശ സർവകലാശാലകളുമായി സഹകരിച്ചു ഡിഗ്രി /ഡിപ്ലോമ തലത്തിലുള്ള വിവിധ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ ആരംഭിച്ചിരിക്കുന്നു. വിദേശത്തും സ്വദേശത്തും ജോലി ഉറപ്പാക്കാവുന്ന രീതിയിലാണ് പ്രസ്തുത കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്. ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിലേക്ക് പ്രവേശനം നേടുന്ന വിദ്യാർഥികൾക്കു വിദേശ ടൂർ, വിദേശ ഇന്റേൺഷിപ്പ്, വിദേശ ജോലി എന്നിവക്കുള്ള അവസരവും ഉണ്ടാകും.

## ഹോളിഗ്രേസ് പോളിടെക്നിക് കോളജ്

ഹോളിഗ്രേസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷന്റെ കീഴിൽ ഹോളിഗ്രേസ് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നു. ഇന്ത്യയ്ക്ക് അകത്തും പുറത്തും ജോലിസാധ്യത ഉള്ളതും ലാറ്ററൽ എൻട്രി വഴി ബിടെക് അഡ്മിഷൻ ലഭിക്കുന്നതുമായ AICTE അംഗീകാരം ഉള്ള മെക്കാനിക്കൽ എൻജിനീയറിംഗ്, സിവിൽ എൻജിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ് എന്നീ വിഷയങ്ങളിൽ മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകളിലേക്ക് 2019-2020 വർഷത്തിൽ വിദ്യാർഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. SSLC, CBSE, PLUS TWO, ITI, THS, VHSC എന്നിവയിൽ പാസായവർക്ക് കോഴ്സിന് ചേരാവുന്നതാണ്.

SSLC, Physics, Chemistry, Mathematisc എന്നീ വിഷയങ്ങളിൽ A + നേടിയ വിദ്യാർഥികൾക്ക് ഗവൺമെന്റ് & എയ്ഡഡ് പോളിടെക്നിക് ഫീസും എ ഗ്രേഡ് കിട്ടിയവർക്ക് വർഷത്തിൽ 10000 രൂപ ട്യൂഷൻ ഫീസും നൽകിയാൽ മതി. ബാക്കിയുള്ളവർക്ക് ഗവൺമെന്റ് നിശ്ചയിച്ച സെൽഫ് ഫിനാൻസിംഗ് പോളിടെക്നിക്കിലെ ഫീസ് നൽകേണ്ടതാണ്.

ഹോളിഗ്രേസിലെ വിപുലമായ അടിസ്ഥാനസൗകര്യങ്ങളും ആധുനികമായ ലാബ് സൗകര്യങ്ങളും ലൈബ്രറിയും പഠനരംഗത്ത് മികവ് നേടുവാൻ കുട്ടികളെ സഹായിക്കും. വിവിധ Add-on കോഴ്സുകളിലേക്കും നൈപുണ്യവികസനത്തിനും ഉള്ള സൗകര്യവും ലഭ്യമാണ്.

## ഹോളിഗ്രേസ് അക്കാദമി ഓഫ് ആർട്സ് ആൻഡ് സയൻസ്

ശാസ്ത്ര ശാസ്ത്രേതര വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനു ഉതകുന്ന രീതിയിലുള്ള ഒരു ആർട്സ് & സയൻസ് കോളജ് ഇവിടെ പ്രവർത്തിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ നൽകുന്ന കോഴ്സുകൾക്ക് ഉന്നത നിലവാരത്തിലുള്ള കോച്ചിംഗ് നൽകുവാനും കൊഡൈ ഇന്റർനാഷണൽ ബിസിനസ് സ്കൂളുമായി ചേർന്ന് റെഗുലർ സ്ട്രീമിൽ ബിരുദ ബിരുദാനന്തര കോഴ്സുകളും ഈ സ്ഥാപനം നടത്തുന്നു.

## ആഡ് ഓൺ പ്രോഗ്രാമുകൾ:

ഐസിഎസ്ഐ ന്യൂഡൽഹിയുടെ നേരിട്ടുള്ള ഒരു സ്റ്റഡി സെന്റർ, കമ്പനി സെക്രട്ടറിഷിപ്പ് കോഴ്സ് നൽകുന്നതിനായി ഹോളി ഗ്രേസിൽ പ്രവർത്തിക്കുന്നു. ഐഎസ്ഡിഐ ഡയറക്ടിന്റെ എസിസിഎ പ്രോഗ്രാമും ലഭ്യമാണ്.

മുൻ കേരള ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ ചീഫ് മെന്ററായും, കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. അബ്ദുൽ സലാം മുഖ്യ ഉപദേശകനും ആയി പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളുടെ ഉപദേശകസമിതികളിൽ വിദ്യാഭ്യാസ-വ്യവസായ-സാമൂഹിക രംഗത്തെ പല ഉന്നതരും പ്രവർത്തിക്കുന്നു.